
## ഡയററ്, എറണാകുളം

LSS LSS LSS LSS LSS LSS

# LITTLE SCHOLARS



# എൽ എസ് എസ്

## തയ്യാറെടുപ്പിനുള്ള കൈപ്പുസ്തകം

## 2020

## ലിറ്റിൽസ്കോളേഴ്സ് കൈപ്പുസ്തകത്തിലേക്ക് ........

എൽ.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ തയ്യാറെടുപ്പിക്കുന്നതിനുള്ള തീവ്ര യജ്ഞപരിപാടികളാണ് വിദ്യാലയങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. കുട്ടികളെ മത്സരപരീക്ഷകളെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നത് ചിട്ടയായ പഠനാനുഭവങ്ങൾ നൽകിക്കൊണ്ടായിരിക്കണം. നാലാം ക്ലാസിലെ നിലവിലുള്ള കുട്ടികളുടെ അവസ്ഥ കണ്ടെത്തി അധ്യാപകർക്ക് ക്ലാസ്റൂമിലെ പ്രയാസമേറിയ മേഖലകൾ കൈകാര്യം ചെയ്യുന്നതിനുള്ള കൈതാങ്ങാണ് ഈ കൈപുസ്തകത്തിലൂടെ നൽകുന്നത്. ഓരോ വിഷയത്തിനും വ്യത്യസ്തങ്ങളായ ‘ഹാർഡ് സ്പോട്ടുകൾ’ കണ്ടെത്തുകയും അത്തരം ശേഷികൾ കൈവരിക്കാൻ ഉതകുന്ന തരത്തിലുള്ള മാതൃകാചോദ്യങ്ങൾ തയ്യാറാക്കുകയുമാണ് ഈ ഉദ്യമത്തിലൂടെ നടത്തിയത്. കൂടാതെ കുട്ടികളിൽ വായനയുടെ ആശയഗ്രഹണ ശേഷി സ്വയം ആർജിക്കുന്നതിന് ആവശ്യമായ ചില അധികവായന സാമഗ്രികൾ കൂടി ഉൾച്ചേർത്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ സബ് ജില്ലകളിൽ നിന്നും എത്തിച്ചേർന്ന പ്രഗത്ഭരായ അധ്യാപകരുടെ കൂട്ടായ്മയും പ്രയത്നവും ഇത്തരം ഒരു കൈപ്പുസ്തകത്തിന്റെ രൂപപ്പെടലിന് സഹായിച്ചു എന്നത് വളരെ അഭിമാനത്തോടെ സ്മരിക്കുന്നു.

നിഷ പന്താവൂർ
. സീനിയർ ലക്ചറർ

രാജീവ് എൻ സി,
പ്രിൻസിപ്പാൾ,

**ഡയററ് എറണാകുളം**

# ഡയറ്റ് എറണാകുളം

## ലിറ്റിൽ സ്കോളേഴ്സ്

## പേപ്പർ I പാർട്ട് A

## മലയാളം

**പഠനനേട്ടങ്ങൾ**

* പുതിയപദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
* അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.
* ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു
* പാഠഭാഗത്തെ ആശയത്തെ വിവരണം, പോസ്റ്റർ,വാർത്ത തുടങ്ങിയ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുന്നു.
* പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലി എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു.
* ഉചിതമായ രീതിയിൽ കഥ പൂർത്തീകരിക്കുന്നു.
* പാഠഭാഗത്തെ ആശയത്തെ വിവരണം പോസ്റ്റർ,പത്രവാർത്ത തുടങ്ങിയ വ്യത്യസ്ത രീതിയക്കവതരിപ്പിക്കുന്നു.
* കവിതയിൽ ഇഷ്ടപ്പെട്ട വരികൾ തെരഞ്ഞെടുത്ത് ഇഷ്ടപ്പെടാനുള്ള കാരണം വ്യക്തമാക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.
* പഴയകാലം കാർഷിക സംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ച റിഞ്ഞ് രചനകൾ നിർവ്വഹിക്കുന്നു.

* തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു.
* കഥ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.
* കവിതയിലെ ആശയത്തെ താരതമ്യം ചെയ്യുന്നു.
* ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ വ്യാഖ്യാനിക്കുന്നു.
* പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു.
* പോസ്റ്റർ തയ്യാറാക്കുന്നു
* കവിതയിലെ ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ് ഉൾക്കൊണ്ട് കവിത ആസ്വദിക്കുന്നു.
* പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു.
* വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.
* പാഠം വായിച്ച് കഥകളി എന്ന കലാരൂപവുമായി ബന്ധപ്പെട്ട് ആശയങ്ങൾ ഉൾക്കൊള്ളുന്നു.
* കഥകളിയും കഥകളിയിലെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയ പ്പെട്ട് കുറിപ്പുകൾ തയ്യാറാക്കുന്നു.
* ഓരോ പ്രദേശത്തിനും തനതായ കലാ രൂപമുണ്ടെന്ന് തിരിച്ചറിഞ്ഞ് സവിശേഷത കൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.
* നിർദ്ദേശിക്കപ്പെട്ട ആശയമുള്ള കവിത രചിക്കുന്നു.
* ഒരു കവിതയിലെ ആശയത്തെ സമാന കവിതയിലെ ആശയമാക്കി താരതമ്യം ചെയ്ത് കുറിപ്പാക്കുന്നു.
* യാത്രാവിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു
* രചനകളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർക്കുന്നു.
* പ്രകൃതി ദൃശ്യങ്ങൾ മറ്റുകാഴ്ചകൾ എന്നിവ വർണ്ണിച്ചെഴുതുന്നു.
* പുതിയ പദങ്ങളുടെ അർത്ഥം മനസ്സിലാക്കി വാക്യരചന നടത്തുന്നു.

* പത്രവാർത്ത തയ്യാറാക്കുന്നു.
* നിവേദനം, ജീവചരിത്രക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു.
* അഭിനന്ദനക്കത്ത് തയ്യാറാക്കുന്നു

**വ്യവഹാരരൂപങ്ങൾ**

| | |
|---|---|
| സംഭാഷണം | പോസ്റ്റർ |
| വർണ്ണന | വാർത്ത |
| കുറിപ്പ് | അനുഭവക്കുറിപ്പ് |
| കഥ | വിവരണം |
| കവിത | ആത്മകഥ |
| ആസ്വാദനക്കുറിപ്പ് | കത്ത് |
| യാത്രാവിവരണം | താരതമ്യം |

**<u>മാതൃകാ ചോദ്യങ്ങൾ</u>**

**1. <u>പഠനനേട്ടം</u> : വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.**

നെല്ലോലക്കതിർ ചൂടി

വല്ലോരും ഈ വഴി വന്നോ?

ചെല്ലച്ചെറുമണി കൊത്തി

വാലാട്ടിക്കിളിവന്നു.

കാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി ചിന്നു എഴുതിയ കവിതാശകലമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അനുയോജ്യമായ വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കുക.

**2. പഠനനേട്ടം : പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു**

'കാടെവിടെ മക്കളെ

മേടെവിടെ മക്കളേ

കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളേ

കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളേ?'

വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് അനു ശേഖരിച്ച കവിത യിലെ ആശയം ഉൾപ്പെടുത്തി പ്രസംഗം തയ്യാറാക്കുക.

**3. പഠനനേട്ടം: വിവരണം വായിച്ച് ആശയം ഗ്രഹിക്കുന്നു.**

കടലാസും അച്ചടിയും ഇല്ലാത്ത ഒരുകാലം നമുക്ക് ഉണ്ടായിരുന്നു. അന്ന് ക രിങ്കല്ലിലും മൺപലകകളിലും ലോഹത്തികിടുകളിലും മറ്റും വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു. മൃഗത്തോലും ഓലകളും ഗ്രന്ഥങ്ങൾ ഉണ്ടാക്കാൻ ഉപയോഗിച്ചിരുന്നു.ലോകത്ത് ആദ്യമായി അച്ചടി സമ്പ്രദായം ആരംഭിച്ചത് ചൈനയിലാണ്. മരപ്പലകകളിൽ അച്ചുകൾ കൊത്തിയുണ്ടാക്കി മഷിപുരട്ടി യാണ് അവർ അച്ചടിച്ചത്. അക്ഷരങ്ങൾ, ചിഹ്നങ്ങൾ ചിത്രങ്ങൾ തുടങ്ങിയവ യുടെ അച്ചുകൾ ഉണ്ടാക്കി അവയിൽ മഷി പുരട്ടി പതിച്ചെടുക്കുന്നതിനെ യാണ് 'അച്ചടി' എന്നുപറയുന്നത്. അച്ചടിമഷി സാധാരണ മഷിപോലെയല്ല; കട്ടികൂടിയ കുഴമ്പു രൂപത്തിലുള്ളതാണ് ആധുനിക അച്ചടിവിദ്യയുടെ പിതാവ് ജർമ്മൻകാരനായ ജോഹൻ ഗുട്ടൻബർഗ് ആണ്. ഇന്നത്തെ ലോകത്തിൽ അച്ചടിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. നമ്മുടെ വിജ്ഞാ നസമ്പത്ത് സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ് അച്ചടി കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം.

1. ലോകത്ത് ആദ്യമായി അച്ചടി സമ്പ്രദായം ആരംഭിച്ചത് എവിടെ?
2. ആധുനിക അച്ചടി വിദ്യയുടെ പിതാവ് ആര് ?
3. അച്ചടി കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം ?
4. ഈ ഖണ്ഡികയ്ക്ക് ഉചിതമായി ഒരു തലക്കെട്ട് നൽകുക.

**4. പഠനനേട്ടം : പാഠഭാഗത്തെ ആശയത്തെ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്ന പത്രവാർത്ത തയ്യാറാക്കുന്നു.**

അവൾ കുട്ടികൾക്കിടയിൽ കയറി എത്തിനോക്കി. അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞരങ്ങുന്നു. എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈനീട്ടുന്നു. കുറെ കുട്ടികൾ അയാളെ കളിയാക്കുന്നു അവൾക്ക് വിഷമം തോന്നി. വൃദ്ധൻ അവളെ കണ്ടു. മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോപറഞ്ഞു. ചിലകുട്ടികൾ അപ്പോഴും കൂകി വിളിച്ചു. അവൾ ഒന്നും ചിന്തിക്കാതെ ബാഗ് തുറന്ന് ചോറ്റുപാത്രം പുറത്തെടുത്തു. അതിൽ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളകുചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്ക് പകർന്നു കൊടുത്തു. അയാൾ ആർത്തിയോടെ ചോറ് കഴിച്ചു.

(വിശപ്പ് ഡോ.കെ.ശ്രീകുമാർ)

കുട്ടികൾ സ്കൂളിലെത്തി ഈ സംഭവം ഹെഡ്മാസ്റ്ററെ ധരിപ്പിച്ചു. ഹെഡ്മാസ്റ്റർ പ്രത്യേക അസംബ്ലിയിൽ കുട്ടിയെ അഭിനന്ദിച്ചു. ഈ സംഭവം പത്രവാർത്തയായി എങ്ങനെ തയ്യാറാക്കാം.?

**5. പഠനനേട്ടം :പുതിയപദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു.**

1.കവിതയുടെ, ആശയം ചോർന്നു പോകാതെ, വരികൾ കൂട്ടിച്ചേർത്ത് കവിത പൂർണമാക്കൂ.

"മാനം തെളിഞ്ഞു മഴക്കാറുപോയി
ഓണം കഴിഞ്ഞു തൃക്കാർത്തികയും
വന്നല്ലോ പിന്നെയും മാനത്തു മിന്നുന്ന
കുന്നിക്കുരുമണി താരകങ്ങൾ
ക്രിസ്മസു വന്നല്ലോ കുർബാന കൂടണ്ടേ
കൃത്യമായ് വിഭവങ്ങളൊരുക്കിടണ്ടേ
കൂട്ടുകാരൊന്നിച്ചു പാട്ടുകൾ പാടിടാം

ക്രിസ്മസ് പാപ്പയെ കാത്തിരിക്കാം.''

താഴെ ക്കൊടുത്തിരിക്കുന്നവയിൽ 'നക്ഷത്ര'മെന്ന് അർത്ഥമില്ലാത്ത പദമേത്?

(ഉഡു, ഋതു, താരം, താരകം)

2. ഉത്സവങ്ങൾ കൂടിച്ചേരലുകളുടെ സന്ദർഭങ്ങളാണ്. അവ നമുക്ക് '<u>ആനന്ദം</u>' തരുന്നു. അടിവരയിട്ട പദത്തിന് പകരം പദം ചേർത്ത് വാക്യം മാറ്റി എഴുതാം.

**6. പഠനനേട്ടം: കഥാപാത്രത്തിന്റെ അനുഭവങ്ങൾ സ്വന്തം അനുഭവമാക്കി ആത്മകഥാ രൂപത്തിൽ രചനകൾ നടത്തുന്നു.**

ഒരു വലിയ ഉറക്കത്തിൽ നിന്നും കുഞ്ഞു നെല്ലിമരം കണ്ണുതുറന്നു. എന്താണ് ചുറ്റും സംഭവിച്ചിരിക്കുന്നത്. 'പൂത്തുമല' എന്ന ഒരു വലിയ സസ്യസംപുഷ്ടപ്രദേശം തന്നെ പാടേ ഒലിച്ച് താഴ്‌വാരത്തിലേക്ക് മറഞ്ഞിരിക്കുന്നു. താനിവിടെ ഒറ്റയ്ക്കായല്ലോ? പാട്ടുപാടിത്തന്ന നീലിക്കുയിലെവിടെ? അമ്മനെല്ലി മരത്തിന്റെ ചില്ലകളിൽ ഓടികളിച്ച അണ്ണാറക്കണ്ണൻമാരെവിടെ! അമ്മയും കൂട്ടരും വേരോടെ പിഴുതെറിയപ്പെട്ടുവല്ലോ! ഒറ്റയ്ക്കായ വേദനയോടെ കുഞ്ഞുനെല്ലിമരം ഓർത്തു. എത്ര സന്തോഷത്തോടെ കഴിഞ്ഞിരുന്നതാണിവിടെ! മനുഷ്യരുടെ ക്രൂരത!! ഒരു പ്രദേശം അപ്പാടെ നശിപ്പിച്ചുകളഞ്ഞു.വിതുമ്പലടക്കി കുഞ്ഞുനെല്ലിമരം സ്വന്തം പഴയകാലം ഓർത്തു

1. പണ്ട്.......................................................................................(തുടർന്നെഴുതുക)

2. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ എന്തൊക്കെ?

3. പ്രകൃതി സംരക്ഷണത്തിന്റെ – പ്രാധാന്യം വിളിച്ചറിയിക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കു.

**7. പഠനനേട്ടം: ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.**

1. 'വട്ടവട ' എന്ന ഗ്രാമത്തിൽ, അമ്മാവന്റെ വീട്ടിൽ വിരുന്നിനെത്തിയതാണ് ശ്യാമ. ആ ഗ്രാമവാസികളുടെ പച്ചക്കറി കൃഷിയും വിളവെടുപ്പും, അടുക്കളത്തോട്ടവും കന്നുകാലി പരിചരണവും ഒക്കെ കണ്ട് അവൾ അത്ഭുതപ്പെട്ടു. അവധിക്കുശേഷം തന്റെ സ്കൂളിലെ

ത്തി, ഇവിടെ കണ്ട കാര്യങ്ങൾ കൂട്ടുകാരോടു പറയണം. പട്ടണവാസികളോട് അധ്വാനത്തിന്റെ മഹത്വം പറഞ്ഞുകൊടുക്കണം. ശ്യാമ കണ്ടതായ കാര്യങ്ങൾ തന്റെ നോട്ടുബുക്കിൽ ഒരു നല്ല കുറിപ്പായി രേഖപ്പെടുത്തി. അവൾ എന്തെല്ലാം എഴുതിയിരിക്കും?

2. ഭക്ഷണവുമായി ബന്ധമുള്ള ഒരു പഴഞ്ചൊല്ല്.

3. നമ്മുടെ പ്രദേശത്ത് നട്ടുവഎക്കത്തുന്ന പച്ചക്കറികളുടേയും ഫലങ്ങളുടേയും പേരുകൾ പട്ടികപ്പെടുത്താമോ?

**8. പഠനനേട്ടം: അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.**

**മഴ**

''പെയ്തൊഴിഞ്ഞു മഴ
കുളിർക്കാറ്റിൽ മുങ്ങ
ഇരുണ്ട മാനത്തിൻ
കണ്ണീരായ് പെയ്തു മഴ
എവിടെയും നിറയ്ക്കും
ജീവാമൃതം ഇതാ പെയ്യുന്നു.
വെളുത്ത തുള്ളിയായി
ഇരുണ്ട ചോദ്യങ്ങളിൽ നിന്ന്
പൊട്ടിവീഴും ജീവനാണ് മഴ''

1. ' മാനം' എന്ന പദത്തിന് നിങ്ങൾ പഠിച്ച മറ്റ് രണ്ട് പദങ്ങൾ എഴുതുക
2. 'ജീവാമൃതം' എന്നു കവിതയിൽ സൂചിപ്പിച്ചിരിക്കുന്നത് എന്താണ്?
3. നിങ്ങളുടെ ഒരു മഴ അനുഭവം എഴുതുക.

**9. പഠനനേട്ടം: തന്നിരിക്കുന്ന സൂചന ഉപയോഗിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക**

താഴെകൊടുത്തിരിക്കുന്ന സൂചനകൾ വായിക്കുക

* കേരളത്തിലെ പക്ഷി നിരീക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു
* നീലകണ്ഠൻ യഥാർത്ഥപേര്
* പാലക്കാട് ജില്ലയിലെ കൊണ്ടളക്കോട് ജനനം
* ആദ്യ നരീക്ഷണ ഉപ്പൂപ്പൻ പക്ഷിയുടെ കൂട്
* ഇന്ത്യയിലെ ഏറ്റവും വലിയ പക്ഷിസങ്കേതം കണ്ടെത്തി
* കേരളത്തിലെ പക്ഷികൾ – പ്രസിദ്ധ പുസ്തകം
* 1992 ൽ അന്തരിച്ചു.

a. ഈസൂചനകളെ അടിസ്ഥാനമാക്കി ജീവചരിത്രക്കുറിപ്പ്തയ്യാറാക്കുക

b. ദേശീയ പക്ഷി ദിനം എന്ന്?

c. ലോകത്തിന്റെ ശ്വാസകോശം എന്നറിയപ്പെടുന്ന വനമേഖല ഏത്?

**10. പഠനനേട്ടം: പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു.**

“ദൂരെ ദൂരെ മാമലകൾ
എങ്ങുമെങ്ങും പൂമരങ്ങൾ
പച്ചയിൽ കുളിച്ചുനിൽക്കും
എന്റെ കേരളം”

‘കേരളത്തിന്റെ പ്രകൃതി ഭംഗി ’ നിങ്ങൾ കവിതകളിലൂടേയും ചിത്ര ങ്ങളിലൂടെയും അറിഞ്ഞുകാണുമല്ലോ. ഈ വിഷയത്തെ ആസ്പദ മാക്കി പ്രസംഗം എഴുതി തയ്യാറാക്കുക.

**11. പഠനനേട്ടം :_കത്ത് തയ്യാറാക്കുന്നു. താഴെകൊടുത്തിരിക്കുന്ന പത്രം വായിക്കുക.**

നാടിന്റെ നടുവിൽ കരിം കാടുവളർത്തി

**പരപ്പ** : പുല്ലുപോലും മുളയ്ക്കാത്ത തരിശു നിലത്ത് കാടുവളർത്തി പുലിയം കുളം ഗ്രാമം ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. രണ്ടു പതിറ്റാണ്ടു കൊണ്ട് 32 ഏക്കർ സ്ഥലമാണ് അബ്ദുൾ കരിം എന്ന പരിസ്ഥിതി പ്രവർത്തകൻ വനമാക്കി മാറ്റിയത്. വലിയൊരു കാടിനു നടുവിൽ വീടുവെച്ച് താമസിക്കണമെന്ന കരീമിന്റെ സ്വപ്നമാണ് പുലയം കുള

ത്തിനു പുതുജീവൻ നൽകിയത്. 1977 ലാണ് ഒന്നിനും കൊള്ളില്ലെന്ന് ജനം വിധിയെഴുതിയ വരണ്ട അഞ്ചേക്കർ സ്ഥലം വാങ്ങി കരിം മരങ്ങൾ വച്ചുപിടിപ്പിച്ചത്. ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും ജീവിക്കേണ്ട പ്രകൃതിയെ തന്നാലാവും വിധം സംരക്ഷിക്കൂ എന്ന സന്ദേശമാണ് ഈ പ്രവർത്തിയിലൂടെ തനിക്ക് നൽകാനുള്ളതെന്ന് കരിം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

a പത്രവാർത്ത വായിച്ചല്ലോ! കരീമിന്റെ പ്രവൃത്തിയെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക

b മരങ്ങൾ വരുംതലമുറയ്ക്ക് എന്തൊക്കെ നന്മകൾ നൽകാൻ മരങ്ങൾക്ക് കഴിയും?

c കരീമിന്റെ സ്വപ്നം എന്തായിരുന്നു?

**12. പഠനനേട്ടം:കവിത വായിച്ച് വിവരണം തയ്യാറാക്കുന്നു.**

"ഉണങ്ങിച്ചുളിഞ്ഞും കരിഞ്ഞും മൊരിഞ്ഞു
ദ്രവിക്കാനിരിക്കും മരക്കൊമ്പു കാൺകേ
മഴക്കാറുകൊണ്ടു മഴത്തുള്ളി വീണു
മരച്ചോട്ടിലെങ്ങോ മഴത്തുള്ളി തൊട്ടു
മഴത്തുള്ളി തൊട്ടൊരു മഹേന്ദ്രജാലം
തരിച്ചു തുടിച്ചു മരക്കൊമ്പിലെങ്ങും
മരിക്കാനിരിക്കും മരക്കൊമ്പുതോറും
കുനുത്തു കുരുത്തു മുളപ്പായ് പൊട്ടിപ്പായ്
പൊടിയും കറുപ്പും നിറം വെച്ചു നീണ്ടു.
മിനുത്തും വെളുത്തും വിതുർത്തോരു കൂമ്പായ്
വിളർത്തുള്ള കൂമ്പൊട്ടു നേർത്തു വിടർന്നും
തളിർപ്പച്ച മെല്ലെത്തെഴുത്തും തഴച്ചും
തനിപ്പച്ചയായി വനപ്പച്ചയായീ"

കവിത വായിച്ചല്ലോ. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

a. മഴപെയ്തപ്പോൾ പ്രകൃതിയ്ക്കുണ്ടായ മാറ്റങ്ങൾ കവിതയിൽ നിന്നും കണ്ടെത്തി വിവരിക്കുക.

b. മഹേന്ദ്രജാലം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്താണ്?

c. പിരിച്ചെഴുതുക 'മരക്കൊമ്പ്'.

**13. പഠനനേട്ടം:ദൃക്സാക്ഷി വിവരണം തയ്യാറാക്കുക**

അത്യന്തം ആവേശകരമായ ഫുട്ബോൾ മത്സരം കാണാൻ എത്തിയതായിരുന്നു ആദർശ്. ഫൈനൽ മത്സരമായിരുന്നതിനാൽ കാണികളെക്കൊണ്ട് മൈതാനം നിറഞ്ഞിരുന്നു. കൊട്ടുംകുരവയും ആർപ്പുവിളികളുമായി മൈതാനം നിറയെ ആവേശം തിരതല്ലുകയാണ്. അതാ മത്സരത്തിനുള്ള വിസിൽ മുഴങ്ങിക്കഴിഞ്ഞു. പന്തിന്റെ ചലത്തിനനുസരിച്ച് കാണികളുടെ ആരവങ്ങൾ ഉയരുകയും താഴുകയും ചെയ്യുന്നു.

a. ഈ മത്സരത്തിന്റെ ദൃക്സാക്ഷി വിവരണം തയ്യാറാക്കുക.

b. പിരിച്ചെഴുതുക : മത്സരത്തിനുള്ള

c. ശരിയായ ചിഹ്നം ചേർത്ത് എഴുതുക.
ഹായ് എന്തുഭംഗി ഇതെവിടുന്നു കിട്ടി നിനക്ക്

**14. പഠനനേട്ടം :കവിത വായിച്ച് ആശയം ഉൾക്കൊണ്ട് സ്വന്തം വാചകത്തിൽ എഴുതുന്നു.**

കാടിനെ സ്നേഹിക്കാൻ കുട്ടികൾക്ക് കഴിയണം. വൃക്ഷങ്ങൾ,ചെറിയ മരങ്ങൾ, വള്ളിച്ചെടികൾ തുടങ്ങി ലക്ഷക്കണക്കിന് സസ്യ ങ്ങളുടെ ഒരു കൂട്ടമാണ് കാട്. വൃക്ഷങ്ങളെ കുറിച്ചുള്ള ഒരു കവിതയാണ് താഴെ കൊടുത്തിരിക്കുന്ന**ത്.**

"തണുത്ത പൂന്തണൽ വീശി
പ്പടർന്നു ചൂഴ്ന്നു നിൽക്കുന്ന
മരത്തിന്റെ തിരുമുടി
ക്കിത തൊഴുന്നേൻ
കനിഞ്ഞു പൂക്കളും തേനും
കനിയും നീട്ടി നിൽക്കും നിൻ
നിറഞ്ഞ തൃക്കരങ്ങൾക്കാ

യിതാ തൊഴുന്നേൻ''

a. കവിതക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക

b. 'മരത്തിന്റെ തിരുമുടി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?

c. കാടിനെക്കുറിച്ച് ഒരു വർണ്ണന തയ്യാറാക്കുക

**15. പഠനനേട്ടം : അനുഭവങ്ങളെ ക്രോഡീകരിച്ച് രേഖപ്പെടുത്തുക**

മൂന്നാർ മലനിരകളെ നീലപ്പട്ട് പുതപ്പിച്ചുകൊണ്ട് ഒരു വ്യാഴവട്ടത്തിനു ശേഷം നീലക്കുറിഞ്ഞിയിലൂടെ പൂക്കാലം വീണ്ടും വന്നെത്തുകയാണ്. കഴിഞ്ഞ നീലക്കുറിഞ്ഞിപ്പൂക്കാലത്തിന്റെ വിസ്മയക്കാഴ്ചകൾ ക്യാമറ യിൽ പകർത്തിയതിലേക്ക് മനസ്സ് സഞ്ചരിക്കുന്നു. ഞങ്ങൾ നാലുപേരാ യിരുന്നു. ആ സംഘത്തിൽ ഏറ്റവും കൂടുതൽ തവണ കുറിഞ്ഞി പൂക്കുന്നത് കാണാൻ അവസരം ലഭിച്ചിട്ടുള്ള മുതുവാൻ കൃഷ്ണനാണ് യാത്രാസംഘത്തെ നയിച്ചത്. മൂന്നാറിലേക്ക് നടത്തിയ ഒരു യാത്രാവിവ രണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

a. മൂന്നാറിലെ ഏതു പൂക്കാലത്തെക്കുറിച്ചാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്?

b യാത്രാ സംഘത്തിന്റെ തലവൻ ആരായിരുന്നു?

c നിങ്ങൾ നടത്തിയ ഏതെങ്കിലും ഒരു യാത്രയെക്കുറിച്ചുള്ള വിവരണം തയ്യാറാക്കുക.

**16. പഠനനേട്ടം :പാഠത്തിലെ ആശയത്തെ വിവരണം രീതിയിലവതരിപ്പിക്കുന്നു.**

''കുന്നു പറഞ്ഞു കുഞ്ഞേ എന്നെ
കൊന്നു മുടിക്കല്ലേ
വെട്ടി മുറിച്ച് കല്ലും മണ്ണും
കൊത്തിയെടുക്കല്ലേ
കല്ലും മണ്ണും കൊത്തിയെടുത്താൽ
ഉറവകൾ വറ്റീടും
ഉറവകൾ വറ്റിവരണ്ടെന്നാകിൽ
അരുവികൾ ചത്തീടും'' (വി.വി.രവീന്ദ്രൻ)

a ഇന്ന് കുന്നുകൾ മനുഷ്യരുടെ ഇടപെൽ മൂലം നശിച്ചുകൊണ്ടിരിക്കുന്നു പ്രകൃതിയെ നശിപ്പിക്കുന്നതുകൊണ്ട് എന്തെല്ലാം ദോഷങ്ങളാണ് ഉണ്ടാകുന്നത്? കുന്നിന്റെ സങ്കടം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിവരണം തയ്യാറാക്കുക

b കല്ലും മണ്ണും കൊത്തിയെടുത്താൽ എന്ത് സംഭവിക്കും?

c അരുവി – പകരം പദം എഴുതുക?

**17. പഠനനേട്ടം : സംഭാഷണം തയ്യാറാക്കുന്നു.**

"മുറ്റത്തെ തേൻമാവിൻ പൂത്തകൊമ്പിൽ
ഒറ്റയ്ക്കിരിക്കുന്ന പൂങ്കുയിലേ
പറ്റുമെങ്കിൽ ഒരു പാട്ടുപാടും
ഇറ്റിറ്റു വീഴട്ടെ തേൻതുള്ളികൾ
മറ്റുള്ളവർ പാടും പാട്ടിലിത്ര
മുറ്റിയ മാധുര്യമേറെയില്ല.
വറ്റാത്ത സ്നേഹമായ് നാലുപാടും
ചുറ്റിപ്പരക്കട്ടെ നിന്റെ ഗാനം"

a മുറ്റം എന്ന വാക്കിന് പകരം പദം എഴുതുക.

b ' നാലുപാടും' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

c ഈ പൂങ്കുയിൽ ഒരു ദിവസം രാവിലെ നിങ്ങളുടെ വീട്ടുമുറ്റത്ത് വന്നിരിക്കുന്നത് നിങ്ങൾ കണ്ടു. എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ പൂങ്കുയിലിനോട് ചോദിക്കുക? പൂങ്കുയിൽ പറഞ്ഞ മറുപടി എന്ത്? സംഭാഷണരൂപത്തിലൊന്ന് എഴുതിനോക്കാമോ?

**18. പഠനനേട്ടം** : അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.

കാലവർഷത്തെ ഒരു ഉത്സവകാലം പോലെ ഞാൻ കാത്തിരുന്നു. ഉറങ്ങുന്നതിനുമുമ്പ് ഇരുട്ടിൽക്കിടന്ന് രണ്ട് ചെവിയും വിരലിട്ടടയ്ക്കുക. പിന്നെ പതുക്കെ തുറക്കുക. അപ്പോഴാണ് മഴയുടെ മുറുക്കിക്കൊട്ടൽ ശരിക്കും രസിക്കുന്നത്. മഴക്കാലത്ത് വിശപ്പ് കൂടും. അടുക്കളയിൽ

അരി തിളയ്ക്കുന്ന ഗന്ധം ഉമ്മറക്കോലായിൽ മഴ കണ്ടിരുന്ന എന്റെ മൂക്കിലെത്തുന്നത് എത്ര പെട്ടെന്നാണ്.

(എം.ടി.വാസുദേവൻ നായർ.)

a ‘ഗന്ധം ’ എന്ന വാക്കിന്റെ പകരം പദമെഴുതുക

b മഴയുമായി ബന്ധപ്പെട്ട ഒരു പദസൂര്യൻ നിർമ്മിക്കുക.

c ഒരു മഴക്കവിത രചിക്കുക.

**19. പഠനനേട്ടം : ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.**

ഗ്രാമത്തിലെ വേട്ടക്കാരനായ പാക്കരനെ പറ്റിച്ചാണ് പപ്പുക്കുറുക്കൻ ആഹാരത്തിനു വക കണ്ടെത്തിയിരുന്നത്. പാക്കരന് പപ്പുവിനോട് വല്ലാത്ത ദേഷ്യമായി. ഒരു ദിവസം മാളത്തിനു പുറത്തിറങ്ങിയ പപ്പു വിന് പാക്കരന്റെ വെടിയേറ്റു. പപ്പുകുറുക്കൻ ശീഘ്രം മാളത്തിലൊളി ച്ചു. അവനെ പിടിക്കാൻ പാക്കരൻ നാട്ടുകാരെ കൂട്ടി മാളത്തിലെ മണ്ണുതുരന്നു. രക്ഷപ്പെടാനായി പപ്പുകുറുക്കനും മണ്ണുതുരക്കാൻ തുട ങ്ങി.

a. കഥതുടർന്നെഴുതുക

b. പിരിച്ചെഴുതുക ‘മാളത്തിലൊളിച്ചു’

c. പകരം പദമെഴുതുക ‘ശീഘ്രം’

**20. പഠനനേട്ടം: കഥാപാത്രത്തിന്റെ അനുഭവങ്ങൾ സ്വന്തം അനുഭവമാക്കി ആത്മകഥാ രചന നടത്തുന്നു.**

കൈക്കുമ്പിളിൽ കടൽവെള്ളമെടുത്ത് കോരിക്കളിക്കുകയായിരുന്നു. ഉണ്ണിക്കുട്ടൻ പെട്ടെന്നാണ് ശബ്ദം കേട്ടത്, ‘ഹായ് ഉണ്ണിക്കുട്ടാ..എന്നെ ഇഷ്ടമായോ! ഞാനാണ് വെള്ളത്തുള്ളി.’ ‘വെള്ളത്തുള്ളിയോ നീ സംസാരിക്കുമോ. അത്ഭുതം തന്നെ ’’ നിനക്ക് കഥയിഷ്ടമാണോ? അതെയതെ ഒത്തിരി ഇഷ്ടമാണ്.’’ ഞാൻ നിനക്ക് ഒരു കഥ പറഞ്ഞു തരാം. ‘എന്റെ കഥ’ വെള്ളത്തുള്ളി അതിന്റെ കഥ പറഞ്ഞുതുടങ്ങി. ഈ സാഗരത്തിലെത്തും മുമ്പ് ഞാനൊരു തടാകത്തിലായിരുന്നു. സൂര്യന്റെ ചൂടേറ്റ് ഞാൻ

a വെള്ളത്തുള്ളിയുടെ കഥ പൂർത്തിയാക്കുക

b പകരം പദമെഴുതുക 'സാഗരം'

c പിരിച്ചെഴുതുക 'വെള്ളത്തുള്ളി'

**21. പഠനനേട്ടം : ഒരു കവിതയിലെ ആശയത്തെ സമാന കവിതയിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പാക്കുന്നു.**

I **<u>എന്റെ ഭാഷ</u>**

"മിണ്ടിതുടങ്ങാൻ ശ്രമിയ്ക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യ ദുഗ്ദം നുകർന്നാലെ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ
അമ്മ താൻ തന്നെ പകർന്നു തരുമ്പോഴെ
നമ്മൾക്കമൃതുമമൃതായ് തോന്നൂ."

II **<u>അമ്മ മലയാളം – കുരീപ്പുഴ ശ്രീകുമാർ</u>**

"കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ
യീണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ ജീവിതഭാഷയെ
ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വച്ചു നമിച്ചു. തിരിഞ്ഞൊരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു.
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ"

a. 'എന്റെ ഭാഷ' എന്ന കവിത രചിച്ച കവിയാണ് കേരള കലാമണ്ഡലം സ്ഥാപിച്ചത്. ഇദ്ദേഹം ആരാണ് ?

b. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ'. 'ധാത്രിമാർ' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

c " മർത്യനു പെറ്റമ്മ തൻ ഭാഷതാൻ" ഈ വരി മലയാളഭാഷയുടെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു. മലയാള ഭാഷയുടെ പ്രാധാന്യത്തെ വ്യക്തമാക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക?

d 'എന്റെ ഭാഷ' എന്ന കവിതയും കുരീപ്പുഴ ശ്രീകുമാറിന്റെ 'അമ്മ മലയാളം' എന്ന കവിതയും വായിച്ച് രണ്ടു കവിതകളിലെയും ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഒരുകുറിപ്പ് തയ്യാറാക്കുക.

**22. പഠനനേട്ടം : യാത്രാവിവരണം തയ്യാറാക്കി അവതരിപ്പിക്കുന്നു.**

**അടിമാലിയിൽ നിന്നും മൂന്നാറിലേക്ക്**

"അടിമാലിയിൽ നിന്നും മൂന്നാറിലേക്ക് പോകും വഴി റോഡിനിടതുവശത്തായി ഒരു വലിയ വെള്ളച്ചാട്ടം കണ്ടു. അതിന്റെ മനോഹാരിത അവർണ്ണനീയം തന്നെ. ആ പരിസരം മുഴുവൻ ജലകണികകളാൽ മൂടപ്പെട്ടാണ് കണ്ടിരുന്നത്. അത്രയും വാശിയേറിയ മത്സരമാണ് പാറകളും വെള്ളവും തമ്മിൽ നടത്തിയിരുന്നത്. പാറകളിൽ അടിച്ച് വീഴുന്ന ജലകണികകൾ പുക പോലെ ആ പ്രദേശത്തെ കാഴ്ച്ചകൾക്ക് തിരശ്ശീലയായി. അതിന്റെ ചെറിയൊരംശം ഞങ്ങളുടെ മുഖത്തും പതിച്ചിരുന്നു." കിരണിന്റെ യാത്രാവിവരണത്തിന്റെ ആദ്യഭാഗം വായിച്ചില്ലേ? ഇതുപോലെ നിങ്ങളും നടത്തിയ ഒരു യാത്രയുടെ വിവരണം തയ്യാറാക്കൂ.....

**23. പഠനനേട്ടം: അഭിനന്ദന കത്ത് തയ്യാറാക്കുന്നു.**

**മധുസൂദനൻനായർക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.**

**ന്യൂഡൽഹി** : ഈ വർഷത്തെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് പ്രശസ്ത സാഹിത്യകാരൻ വി.മധുസൂദനൻ നായർക്ക് ലഭിച്ചു. അദ്ദേഹം എഴുതിയ 'അച്ഛൻ പിറന്ന വീട്' എന്ന കവിതയ്ക്കാണ് പുരസ്ക്കാരം ലഭിച്ചത്. മണ്ണും വെള്ളവും ആകാശവും അന്യമായ നഗരത്തിൽ കഴിയുന്ന അച്ഛനും മകളുമാണ് കവിതയുടെ പ്രമേയം. മുക

ളിൽ കൊടുത്തിരിക്കുന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വി.മ ധുസൂദനൻ നായരെ അഭിനന്ദിച്ചുകൊണ്ട് ഒരു അഭിനന്ദനക്കത്ത് തയ്യാറാക്കുക.

**24.പഠനനേട്ടം : ഒരു കവിതയിലെ ആശയത്തെ സമാനകവിതയിലെ ആശയവുമായി താരതമ്യംചെയ്യുന്നു.**

I സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യംമേകമാം.. (കുമാരനാശാൻ)

II സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും (വയലാർ)

a മുകളിൽ കൊടുത്തിരിക്കുന്ന കവിതകൾ വായിച്ച് ഇരുകവിതകളിലേയും ആശയങ്ങൾ താരതമ്യം ചെയ്ത് ഒരു കുറിപ്പെഴുതുക

b താഴെക്കൊടുത്തിരിക്കുന്ന പദങ്ങളുടെ അർത്ഥം എഴുതുക.
(എ.) അഖിലം (ബി) ഊഴി ( സി) നോവ്

**25.പഠനനേട്ടം : ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം**

മഹാകവി കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ"പച്ചക്കിളി" എന്ന കവിത പഠിച്ചില്ലേ? തുടർന്ന് വായിക്കൂ....

"ഊഞ്ഞാലിലാടിത്തുടങ്ങി – കിളി
ചാഞ്ഞുകുഴഞ്ഞു കുലുങ്ങി
തൻപദമൂന്നിയക്കൊമ്പിൽ–പല
ചെമ്പവിഴം ചാർത്തിയമ്പിൽ,
അങ്ങുമിങ്ങും താൻ ചെരിഞ്ഞു – ചിറ
കങ്ങിനേ ഭംഗ്യാ വിരിഞ്ഞു
കുങ്കുമ കസ്തൂരിബിന്ദുപോലെ
തൽകണ്ണു ചിമ്മി വിടർന്നു
ചഞ്ചുവാം പൂമൊട്ടുലർത്തി–ചെറു
കൊഞ്ചിയോമൽ ഗളം താഴ്ത്തി
വിശ്വശില്പിക്കുള്ള സൃഷ്ടി – ഗുണം
വിശ്രുതമിങ്ങനേ കാട്ടി"

a. ഈ കവിതയിൽ 'വിശ്വശില്പി' എന്ന് സൂചിപ്പിക്കുന്നത് ആരെ യാണ്?

b. "കിളി ചാഞ്ഞു കുഴഞ്ഞു കുലുങ്ങി" എന്ന് പ്രയോഗത്തിൽ കിളി യുടെഏതു
ഭാവമാണ് പ്രകടമാകുന്നത്.?

c. കിളിയുടെ കണ്ണുകൾ ഏതുപോലെയുള്ളതാണ്?
ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാമോ?

**26.പഠനനേട്ടം : സംഭാഷണം തയ്യാറാക്കുക**

മുരളി അച്ഛനോടൊപ്പം കഥകളി കാണാൻ പോയി എന്ന് അറിഞ്ഞ പ്പോൾ ആര്യയ്ക്കും കഥകളികാണാൻ ആശതോന്നി. അടുത്ത യാഴ്ച തൊട്ടടുത്തുള്ള അമ്പലത്തിൽ കഥകളിയുണ്ട്. ആര്യയും വീട്ടിൽ നിന്ന് മാമനേയും കൂട്ടി കഥകളി കാണാൻ പോയി. സ്റ്റേജിൽ കഥകളി ആരംഭിച്ചു. വളരെ അത്ഭുതത്തോടെ ആര്യ ആ കലാരൂപം നോക്കി ഇരുന്നു. പലതും മനസ്സിലായില്ല. അവൾ മാമനോട് പറഞ്ഞു "മാമാ, ഈ പരിപാടി കഴിഞ്ഞാൽ എനിക്ക് ഈ കലാകാരന്മാരെ ഒന്നു പരിചയപ്പെടണം. എന്തുരസമാണ് കഥകളി കാണാൻ! എനിക്ക് ഒത്തിരി സംശയങ്ങൾ ബാക്കിയുണ്ട്. 'ആവാമല്ലോ, വരൂ..മാമനോ ടൊപ്പം അവൾ അരങ്ങിനു പിന്നിലെത്തി. ആര്യ ചോദിക്കാനിടയുള്ള ചോദ്യങ്ങളും കഥകളി നടൻ പറയുന്ന ഉത്തരങ്ങളും ചേർത്ത് ഒരു സംഭാഷണം തയ്യാറാക്കൂ....

**27.പഠനനേട്ടം :തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ അവതരിപ്പിക്കുന്നു.**

തൊടുപുഴ മൂഴിക്കൽ അമ്പലത്തിലെ ഉത്സവം 21–12–19 ശനിയാഴ്ചയാ ണ്. അതോടനുബന്ധിച്ച് കല്യാണ സൗഗന്ധികം തുള്ളൽ അവതരി പ്പിക്കുന്നുണ്ട് പ്രശസ്ത തുള്ളൽ കലാകാരൻ പത്മശ്രീ പുരുഷോ ത്തമ കൈമൾ ആണ് തുള്ളൽ അവതരിപ്പിക്കുന്നത്.

a. ഈ ആശയങ്ങൾ ഉൾക്കൊള്ളിച്ച് വിളംബരം തയ്യാറാക്കുക.

b. ഉത്സവപിറ്റേന്ന് 'മലയാളനാട്' പത്രത്തിൽ ഉത്സവത്തെക്കുറിച്ച് വാർത്ത വന്നു. എന്തായിരിക്കും. ആ പത്രവാർത്ത?

c. ഈ വർഷത്തെ ജ്ഞാനപീഠം പുരസ്കാരം ലഭിച്ചത് ശ്രീ അക്കിത്തം അച്ച്യുതൻ നമ്പൂതിരിക്കാണല്ലോ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഒരു അഭിനന്ദനകത്ത് തയ്യാറാക്കൂ.

**28. പഠനനേട്ടം : വർണന തയ്യാറാക്കുക**

നാളെ ക്രിസ്മസ് അവധിതുടങ്ങുകയാണ്. പരീക്ഷ കഴിഞ്ഞപ്പോൾ നീലിമ ആഹ്ലാദിച്ചു. കാരണം പൂമലയിലേക്കൊരു വിനോദയാത്ര അച്ഛൻ എന്നേ സമ്മതിച്ചതാണ്. നീലിമയും അനിയൻ നീരജും അമ്മയും കൂടി യാത്രയ്ക്കുള്ളതൊക്കെ ഒരുക്കി. രാവിലെ 5 മണിക്ക് അവർ പുറപ്പെട്ടു. കാറിലായിരുന്ന യാത്ര. കാറിലിരുന്ന് അവൾ പുറത്തേക്ക് നോക്കി കാഴ്ചകൾ കണ്ടിരുന്നു.പൂമലയിലെത്തിയതും അവളാകെ കോരിത്തരിച്ചുപോയി. കുഞ്ഞുചെടികളിൽ കുലകുലയായി വിരിഞ്ഞു നിൽക്കുന്ന വിവിധനിറങ്ങളിലുള്ള മനോഹരങ്ങളായ പൂക്കൾ. തന്റെ കളർ ബോക്സിലില്ലാത്ത എന്തെല്ലാം നിറങ്ങളാണ് ഇവിടെ കാണുന്നത്. തണ്ടു ഇലയും മൂടിക്കൊണ്ട് വിരിഞ്ഞു നിൽക്കുന്ന പൂക്കളെ കണ്ടപ്പോൾ ചിത്രപ്പണികളോടു കൂടിയ വെൽവറ്റു തുണി വിരിച്ചിട്ടിരിക്കുകയോ എന്നവൾ സംശയിച്ചു.
ഇതുപോലെ മറ്റെന്തെല്ലാം സുന്ദരമായ കാഴ്ചകളായിരിക്കും അവൾ പൂമലയിൽ കണ്ടത്?

**30. പഠനനേട്ടം : കഥകളിയുടെ ചടങ്ങുകൾ , വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ തയ്യാറാക്കുന്നു.**

അപ്പു വളരെ സന്തോഷത്തോടെയാണ് മുത്തശ്ശിയുടെ വീട്ടിലെത്തിയത്. കാരമം അമ്പലത്തിൽ ഉത്സവമാണ്. കഥകളിയുണ്ട്. സ്കൂളിൽ കഥകളിയെക്കുറിച്ചുള്ള, പാഠം കഴിഞ്ഞു പ്രോജക്റ്ററിൽ മായടീച്ചർ കഥകളിയുടെ വേഷങ്ങളും ചടങ്ങുകളും കാണിച്ചതാണ്. എന്നാൽ എനിക്ക് ഇന്ന് ആ കല മുന്നിലിരുന്ന് കാണാമല്ലോ. കൂട്ടുകാരോട് നാളെ പറയണം. അവന് ടീച്ചർ പഠിപ്പിച്ച കഥകളിയുടെ ചടങ്ങുകളും മേളവും കണ്ടു മനസ്സിലാക്കി പിറ്റേദിവസം സ്കൂളിലെത്തി. ടീച്ചർ കഥകളിയിലെ വേഷങ്ങലും ചടങ്ങുകളും ചിത്രങ്ങൾ ഒട്ടിക്കാൻ പ്രോജക്റ്ററും വർക്ക് ഷീറ്റും നൽകിയിട്ടുണ്ട്. വീട്ടിലിരുന്ന് പ്രോജക്റ്റ് ചെയ്യുമ്പോൾ അവനിടയ്ക്ക് അമ്മയുടെ സഹായം തേടി. നിങ്ങൾക്ക് അപ്പുവിനെ സഹായിക്കാമോ?

a കഥകളിയിലെ ചടങ്ങുകളുടെ ശരിയായ ക്രമമേത് ?

പുറപ്പാട്, തോടയം, വന്ദനശ്ലോകം, അരങ്ങുകേളി

b പദങ്ങളെ മാതൃകപോലെ പിരിച്ചെഴുതുക

ആടയാഭരണങ്ങൾ – ആടയും ആഭരണവും

താളമേളങ്ങൾ

സുഖദുഃഖങ്ങൾ

c കഥകളിയുടെ സാഹിത്യരൂപമേത്?

1. തുള്ളൽപ്പാട്ട്, 2. കിളിപ്പാട്ട്, 3. നാടൻപാട്ട്, 4. ആട്ടക്കഥ

d കഥകളിയിൽ പ്രാധാന്യമില്ലാത്തത് ഏത്?

സംഗീതം, മുദ്രകൾ, വായ്ത്താരി, ഉടുത്തുകെട്ട്

e കേരളത്തിലെ കലാരൂപങ്ങളെയും അവയുമായി ബന്ധപ്പെട്ടവയേയും ചേരും പടി ചേർക്കൂ.

| ഇനം | സവിശേഷത |
|---|---|
| ഒപ്പന | കഥകളി |
| തിരുവാതിര | മുസ്ലിം വിവാഹാഘോഷം |
| ഓട്ടൻതുള്ളൽ | കഥകളി പദങ്ങൾ |
| ആട്ടകഥ | കുഞ്ചൻനമ്പ്യാർ |

f അമ്പലത്തിൽ കണ്ട കഥകളി വേഷങ്ങളിൽ അപ്പുവിനിഷ്ടപ്പെട്ടത് മുഖത്ത് മനയോല (പച്ചനിറം) തേച്ച വേഷമാണ്. ഈ വേഷത്തെക്കുറിച്ച് അവൻ കൂട്ടുകാരോടു പറയാൻ തുടങ്ങി. ആ വേഷത്തിന്റെ ചിത്രങ്ങൾ അപ്പു കാണിച്ചു. അവൻ പറഞ്ഞ കാര്യങ്ങൾ കുറിപ്പായി എഴുതാമോ?

**31. പഠനനേട്ടം – പോസ്റ്ററുകൾ തയ്യാറാക്കുന്നു.**

കാനനവിലാസം യു.പി.സ്കൂൾ ആകെ ഉത്സവാന്തരീക്ഷത്തിലാണ്. പല വർണത്തിലുള്ള ഇലകളും പൂക്കളും വിവിധ രീതിയിൽ ക്ലാസ്

മുറികളിലും പുറത്തും തൂക്കിയിട്ടിരിക്കുന്നു. ആരും ഒന്ന് നോക്കിപ്പോവും. സ്കൂളിലെ അധ്യാപകരും കുട്ടികളും വലിയ ഉത്സാഹത്തിൽ ഓടി നടക്കുന്നു. നാളെ വലയ സൂര്യഗ്രഹണത്തെ വരവേൽക്കാനുള്ള ഒരുക്കമാണ്. അവധി ദിവസമായിട്ടുകൂടി സ്കൂൾ ഒരുക്കാൻ എല്ലാവരും എത്തിയിട്ടുണ്ട്. നാളെ ഗ്രഹണം കാണാൻ സ്കൂളിന്റെ ഗ്രൗണ്ടിൽ കുട്ടികളോടൊപ്പം പങ്കെടുക്കാൻ കാനനവാസികളെയെല്ലാം ക്ഷണിച്ചിട്ടുണ്ട്. എല്ലാവർക്കും ധരിക്കാൻ ഉള്ള സൗരക്കണ്ണടകളും ഉണ്ടാക്കിയിട്ടുണ്ട്. വിവിധ തരത്തിലുള്ള പോസ്റ്ററുകൾ തയ്യാറാക്കുന്ന തിരക്കിലാണ് നാലാം ക്ലാസിലെ അനുമോളും കൂട്ടുകാരും.

a. സ്കൂളിൽ പ്രദർശിപ്പിക്കാനായി നമുക്കും ഒരു പോസ്റ്റർ തയ്യാറാക്കിയാലോ?

b. കാട് എന്ന വാക്കിനുപകരം ഇവിടെ പ്രയോഗിച്ചിട്ടുള്ള പദം ഏത്?

**32. <u>പഠനനേട്ടം:</u> ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.**

“മാവേലിത്തമ്പുരാൻ എഴുന്നള്ളും നാടിത്
കേരളം തേൻകുട താലവുമേന്തി നിരന്നുനിൽക്കുന്നു.
പേരാറും സഖികളും ഒഴുകും നാടിത്
എല്ലാവർക്കുമൊരുമനേരുമെന്റെ കേരളം
പുഞ്ചവയൽപാടങ്ങൾ
കതിരണിയും പാടത്ത്
പെണ്ണാൾ കൊയ്ത്തരിവാളുമായ്
നിരന്നു നീങ്ങുന്നു.
മലനാടും സഖികളും
തിരയും തീരവും
ഒന്നു ചേർന്നുകൈകൾ കോർക്കും
എന്റെ കേരളം”

കേരളത്തിന്റെ പ്രകൃതിഭംഗി വിവരിക്കുന്ന കവിത വായിച്ചുവല്ലോ

a. ‘തെങ്ങ്’ എന്നർത്ഥത്തിൽ പ്രയോഗിച്ച പദമേത് ?

b. ‘കതിരണിയും’ പിരിച്ചെഴുതുക

c കവിതയക്ക് ഉചിതമായ ശീർഷകം തയ്യാറാക്കുക

d ഈ കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക

**33. പഠനനേട്ടം: നോട്ടീസ് തയ്യാറാക്കൽ**

സ്കൂൾ കലോത്സവം നടക്കുകയാണ്. സ്കൂളിലാകെ വിവിധകലാപരിപാടികളുടെ മേളം.കുട്ടികളുടേയും മാതാപിതാക്കളുടേയും അധ്യാപകരുടേയും തിരക്കുതന്നെ. പെട്ടെന്ന് ഒരറിയിപ്പ് കേട്ടു. ഭരതനാട്യം നാടോടിനൃത്തം രണ്ടിനങ്ങളിലും ഒന്നാംസ്ഥാനം ഗവൺമെന്റ് ടി.ഡി. എച്ച്. എസ് ഗോശ്രീപുരത്തിലെ അമല നേടിയിരിക്കുന്നു. മിനു ടീച്ചർസന്തോഷം കൊണ്ട് മതിമറന്നു. തന്റെ കുട്ടികൾക്കരികിലോടിയെത്തി. കുട്ടികളും സന്തോഷത്തിലാണ് കാരണം അവരുടെ സഹപാഠി അമലയാണ് തുടർച്ചയായി നാലുവർഷങ്ങളിലായി ഈ വിജയം നേടുന്നത്. അമലയെ അനുമോദിക്കാൻ അടുത്തയാഴ്ച ഒരു യോഗം സംഘടിപ്പിക്കാൻ സ്കൂൾ പി.റ്റി.എ തീരുമാനിച്ചു. യോഗത്തിൽ മാതാപിതാക്കളേയും നാട്ടുകാരേയും ക്ഷണിക്കണമെന്ന് എച്ച്. എം. അറിയിച്ചു. നോട്ടീസ് കുട്ടികൾ തയ്യാറാക്കണമെന്നും അറിയിച്ചു.

തിങ്കളാഴ്ച സ്കൂളിലെ ഹാളിൽ ഒരു അഭിനന്ദനയോഗം നടത്തുന്നതിനായി ഒരു നോട്ടീസ് തയ്യാറാക്കുക.

**33. പഠനനേട്ടം: തന്നിരിക്കുന്ന വിവരണം വായിച്ച് കുറിപ്പ് തയ്യാറാക്കുക.**

**നീർക്കാടകൾ**

നമ്മുടെ കടലോരംമുതൽ പർവതങ്ങളുടെ ഉച്ചിയിൽവരെ കാണപ്പെടുന്ന പക്ഷികളാണ് കാടകൊക്കുകൾ. പലജാതി കാടക്കൊക്കുകളെ കേരളത്തിൽ കണ്ടുവരുന്നുണ്ട്. നീർക്കാട, പുള്ളിക്കാടക്കൊക്ക്, കരിമ്പൻ കാടക്കൊക്ക് എന്നിവയൊക്കെ ഇവയിൽ ഉൾപ്പെടും. സെപ്തംപർ മുതൽ മെയ്വരെ കേരളക്കരയിൽ കാണപ്പെടുന്നവയാണ് നീർക്കാടകൾ. മെയ്മാസമാകുന്നതോടെ ഇവയുടെ കൂടൊരുക്കൽ കാലമാവും. അപ്പോഴവ വടക്കൻ ദിക്കിലേക്ക് പോകും. നീർക്കാടകൾ ഹിമാലയത്തിനും അതിനും വടക്കുമുള്ള പ്രദേശങ്ങളിലാണ് കൂടൊരുക്കി മുട്ടയിടുന്നത്.

കുഞ്ഞുങ്ങൾ വളർച്ച മുറ്റിയാൽ നേരെ തെക്കോട്ടു വച്ചുപിടിക്കും. അങ്ങനെയുള്ളവയാണ് നമ്മുടെ സ്വന്തം പക്ഷികളായിമാറുന്നത്.

a. നിങ്ങൾ ക്കറിയാവുന്ന ഏതെങ്കിലും ഒരു പക്ഷിയെക്കുറിച്ച് ഒരുകുറിപ്പ് തയ്യാറാക്കുക.

b. പാട വരമ്പിലിരിക്കുന്ന ഒരു പക്ഷിയാണല്ലോ കൊക്ക്. കൊക്കിനെക്കുറിച്ച് ഒരുകടങ്കഥ തയ്യാറാക്കാമോ?

c. കേരളത്തിന്റെ സംസ്ഥാന പക്ഷിയേത് ?

**34. പഠനനേട്ടം:ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.**

"കരയുന്ന ഭൂമി തൻ മടിശ്ശീലയിൽ നിന്ന
വൃക്ഷത്തെ വേരോടെ പിഴുതിടുമ്പോൾ
പ്രകൃതിയുടെ നയനങ്ങൾ നിറഞ്ഞീടിൽ
നാമെല്ലാംവലിയൊരുദുരിതം അനുഭവിക്കും
ചെടികളുംമലകളുംവെട്ടി നകത്തീട്ട്
എങ്ങുംറിസോർട്ടുകൾതീർത്തുനമ്മൾ
പ്ലാസ്റ്റിക് കവറുകൾ പുഴയിലേക്കിട്ടിട്ട്
വെള്ളത്തെ നമ്മൾ അശുദ്ധമാക്കി
പ്ലാസ്റ്റിക്കു കവറുകൾവേസ്റ്റുകൾകത്തിച്ചു
പ്രകൃതിയെ നമ്മൾ അശുദ്ധമാക്കി
ഇനിവരുംതലമുറഓർക്കുക നാമിന്നു
പ്രകൃതിയെ നോവിച്ചിടുകയല്ലേ
നമ്മുടെ തലമുറഓർക്കുക നമ്മൾ
ചെടികളെ നട്ടുവളർത്തുക നമ്മൾ
പ്രകൃതിയെസുന്ദരമാക്കുക നമ്മൾ"

a. കവിതവായിച്ച് കവിതയ്ക്ക് തലക്കെട്ട് നൽകുക

b. 'പുഴ' എന്ന പദത്തിന് പകരം പ്രയോഗിക്കാവുന്ന പദങ്ങൾ കണ്ടെത്തുക

c. കവിതയ്ക്ക് ഒര ുആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**34. പഠനനേട്ടം: വർണ്ണന തയ്യാറാക്കുന്നു.**

കുടയില്ലാത്ത ഒരു കുട്ടിയുടെ മഴക്കാലത്തെ ബുദ്ധിമുട്ട് നാം കവിതയിൽ വായിച്ചുവല്ലോ. ഇതുപോലെ മഴക്കാലം ആരംഭിച്ചാൽ നമുക്കും നമ്മുടെ ചുറ്റുപാടുമുള്ള ജീവജാലങ്ങൾക്കും പലവിധ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരാറില്ലേ !എന്തൊക്കെയാവാം മഴക്കാലപ്രയാസങ്ങൾ? ഒന്നെഴുതിനോക്കൂ.

**35. പഠനനേട്ടം – യാത്രവിവരണം തയ്യാറാക്കുന്നു.**

എനിക്കിഷ്ടം തീവണ്ടി യാത്രകളാണ് .കപ്പലിൽ കയറി ഞാനിതുവരെ എവിടേയും പോയിട്ടില്ല. പുറത്ത് ഒരുപാട് കാഴ്ചകളുണ്ട്. പല നാടു

കൾ പല ഭൂ പ്രദേശങ്ങൾ, പലതരത്തിലുള്ള ആളുകൾ.പുറത്തേക്ക് എത്രനേരം നോക്കി യിരുന്നാലും നമുക്ക് മടുപ്പ് തോന്നുകയില്ല. തീവണ്ടിചൂളം വിളിച്ച് കുലുങ്ങി വലിയ ശബ്ദത്തോടെ നീങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ അമ്പരന്നുപോയി. 'യ്യോ! ദാ മരങ്ങള് പായുന്നു അമ്മേ!' ഞാൻ ഉച്ചത്തിൽ പറഞ്ഞു. ഞാൻ നോക്കിയിരിക്കവേ നെൽപ്പാടങ്ങളും , ഓല മേഞ്ഞവീടുകളും കന്നുകാലികളുമെല്ലാം പിറകോട്ട് നീങ്ങിപ്പോകുന്നു. ഞാനിതുവരെ സഞ്ചരിക്കുന്ന മരങ്ങളെ കണ്ടിട്ടില്ല. സഞ്ചരിക്കുന്ന വീടുകളും കണ്ടിട്ടില്ല. (യാത്രാവിവരണം – എം മുകുന്ദൻ)

a ഏത് യാത്ര ചെയ്യാനാണ് ഇഷ്ടം എന്നാണ് ലേഖകൻ പറയുന്നത്?

b 'ഉറക്കെ' എന്ന വാക്കിനു പകരം ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?

c നിങ്ങൾക്കും യാത്രപോകാൻ ഇഷ്ടമല്ലേ? നിങ്ങളുടെ ഏതെങ്കിലും ഒരുയാത്രയെപ്പറ്റി ഒരുയാത്ര വിവരണംതയ്യാറാക്കുക?

**36. പഠനനേട്ടം : പത്രവാർത്ത തയ്യാറാക്കുന്നു.**

മേപ്പാറ പഞ്ചായത്തിലെ എൽ.പി.എസ് കണിയാപുരത്തെ ഹരിത വിദ്യാലയമായി പ്രഖ്യാപിക്കുന്ന ചടങ്ങിന്റെ നോട്ടീസാണ് താഴെകൊടുക്കുന്നത്.

കണിയാപുരം എൽ.പി.എസ്.'' ഹരിതവിദ്യാലയ പ്രഖ്യാപനം

**<u>കാര്യപരിപാടികൾ</u>**

പ്രാർത്ഥന – വിദ്യാർത്ഥികൾ

സ്വാഗതം – ഹെഡ്മിസ്ട്രസ്

അധ്യക്ഷൻ – പിടിഎ പ്രസിഡന്റ്

ഉദ്ഘാടനം – പഞ്ചായത്ത് പ്രസിഡണ്ട്

ഹരിതവിദ്യാലയപ്രഖ്യാപനം – ഹരിത മിഷൻ ഡയറക്ടർ

ആശംസ – സ്റ്റാഫ് സെക്രട്ടറി.

നന്ദി – സ്കൂൾ ലീഡർ

ഇതിനെ അടിസ്ഥാനമാക്കി പത്രവാർത്ത തയ്യാറാക്കാമോ?

**37. പഠനനേട്ടം: ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.**

ആർത്തലച്ചുപെയ്യുന്ന മഴ, മേലാകെ തണുത്തു വിറക്കുന്നു. ചിന്നുകാക്കച്ചി തൂവൽ കുടഞ്ഞു. ചിറകു വിരുത്തി ഒതുങ്ങിയിരുന്നു. മൂന്നു നാലു ദിവസമായി ഈ മഴ ഇടമുറിയാതെ പെയ്യാൻ തുടങ്ങിയിട്ട്. കുഞ്ഞുങ്ങളുടെ കാര്യം ഓർത്താൽ കഷ്ടം തന്നെ! ഇനി കൂട്ടിൽ ഇരുന്നിട്ട് കാര്യമില്ല. എന്തെങ്കിലും തീറ്റ കിട്ടിയില്ലെങ്കിൽ അവർ...ഈശ്വരാ...ഓർക്കാൻ കൂടി വയ്യ. മഴ തോരുന്ന മട്ടില്ല. ചിന്നു ചിറകുവിടർത്തി പതുക്കെ പുറത്തേക്കു പറന്നു.

ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കൂ. തലക്കെട്ട് നൽകൂ.

**38. പഠനനേട്ടം :പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു.**

സന്ധ്യാസമയത്ത് കടൽത്തീരത്ത് പോയിട്ടുണ്ടോ? എന്തെല്ലാം കാഴ്ചകളാണ് അവിടെ! അസ്തമയ സൂര്യൻ, നീലക്കടൽ, തിരമാലകൾ, ചെറുതും വലുതുമായ ബോട്ടുകൾ പട്ടം പറത്തുന്ന കുട്ടികൾ, നയന മനോഹരമായ കടൽ കാഴ്ചയെ വർണ്ണിക്കാമോ?

**39. പഠനനേട്ടം :പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു.**

കേരളത്തെ സുന്ദരമാക്കുന്ന ഒന്നാണ് പച്ചപ്പട്ടുടുത്ത് നിൽക്കുന്ന വനങ്ങൾ. വനത്തിനുള്ളിലേക്ക് നമ്മുടെ കാഴ്ചയെ നീട്ടിയാൽ എന്തെല്ലാം കാണാം? തൂങ്ങിയാടുന്ന പച്ചയും മഞ്ഞയും ചുവപ്പും കലർന്ന പഴങ്ങൾ, അരുവികൾ, നനാജാതി സസ്യങ്ങൾ, നീർച്ചാലുകൾ, വന്യജീവികൾ, കാടിന്റെ സൗന്ദര്യത്തെക്കുറിച്ച് വർണ്ണന തയ്യാറാക്കൂ?

**40. പഠനനേട്ടം: യാത്രാവിവരണം തയ്യാറാക്കി അവതരിപ്പിക്കുന്നു.**

കഴിഞ്ഞ വർഷം നാലാം ക്ലാസുകാരൻ വിനയ് ഇരിങ്ങോൾ വനത്തിലേക്ക് നടത്തിയ യാത്രാവിവരണത്തിന്റെ കുറച്ച് ഭാഗമാണ് താഴെ കൊടുക്കുന്നത്.

സൂര്യവെളിച്ചം പതിയെ കണ്ണുതുറന്ന് വരുന്നതേയുള്ളു. വല്ലാത്തൊരു സുഖമുള്ള തണുപ്പ്. എങ്ങും കാണുന്നത് പച്ചപ്പ് മാത്രം. കണ്ണെത്താ ദൂരത്തോളം നീണ്ടുകിടക്കുന്ന വനപ്രദേശം. പാമ്പ് കെട്ട് പിണഞ്ഞ് കിടക്കുന്നതു പോലെയാണ് ചില മരങ്ങളുടെ വേരുകൾ. ചുറ്റിപ്പിടിച്ചാൽ എത്താത്തത്ര വണ്ണമുള്ള മരങ്ങൾ. ഉണങ്ങിയ ഇലകൾ മെത്തപോലെ കിടക്കുകയാണ്. അതിനടിയിൽ അട്ടയോ പാമ്പോ കിടന്നാൽ അറിയില്ല. കാവിനുള്ളിൽ ഒരു ചെറിയ ക്ഷേത്രം. ആകെക്കൂടി ശാന്തമായ അന്തരീക്ഷം. ആകാശം മുട്ടിനിൽക്കുന്ന വൻമരങ്ങൾ. ഇറക്കവും കയറ്റവും, വനത്തിനുള്ളിലേക്ക് കടക്കുന്തോറും ഇരുട്ട് കൂടിക്കൂടി വരുന്നു. ഇവിടെ നിന്നും പോവാൻ തോന്നുന്നേയില്ല.

വിനയന്റെ യാത്രാവിവരണം വായിച്ചില്ലേ. നിങ്ങൾ നടത്തിയ യാത്രയെക്കുറിച്ച് വിവരണം എഴുതൂ.

**41. പഠനനേട്ടം : തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപം തയ്യാറാക്കൂ.**

അടിക്കടി രണ്ട് പ്രളയങ്ങൾ കേരളത്തെ ബാധിച്ചു. പ്രകൃതിയോട് മനുഷ്യർ നടത്തിയ ചൂഷണങ്ങളാണ് ഇതിന് കാരണമായത്. മനുഷ്യന് മാത്രമല്ല മറ്റു ജന്തുജാലങ്ങളുടെയും നിലനിൽപ്പിന് പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രകൃതി നമുക്ക് എന്തെല്ലാം നൽകുന്നു ? മണ്ണ്, ജലം , വായു, ആഹാരം

……………………………………..

പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ.

**42. പഠനനേട്ടം : പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു.**

നമ്മുടെ ആഹാരം ഇന്ന് പാടെ മാറി. നിറവും മണവും നൽകുന്ന രാസവസ്തുക്കൾ ചേർന്ന ഭക്ഷണമാണ് എല്ലാവർക്കും ഇഷ്ടം. നാടൻ ഭക്ഷണശീലങ്ങൾ നാം മറന്നു. കൂടിക്കൂടി വരുന്ന അസുഖങ്ങൾ. വീട്ടിലുണ്ടാക്കുന്ന നാടൻ വിഭവങ്ങളുടെ പ്രാധാന്യം നാം തിരിച്ചറിയണം. ആഹാരവും ആരോഗ്യവും എന്ന വിഷയത്തെക്കുറിച്ച് പ്രസംഗം തയ്യാറാക്കു.

**43. പഠനനേട്ടം : പാചകക്കുറിപ്പ് തയ്യാറാക്കുന്നു.**

പുതുവർഷത്തലേന്ന് നിമിഷ കൂട്ടുകാരെ വീട്ടിലേക്ക് ക്ഷണിച്ചു. അവർക്കായി അവൾ വിഭവസമൃദ്ധവും രുചികരവുമായ വിഭവങ്ങൾ ഒരുക്കി യിരുന്നു. ഭക്ഷണത്തെപ്പറ്റി കൂട്ടുകാർ എല്ലാവരും വളരെ നല്ല അഭിപ്രായ മാണ് പറഞ്ഞത്. കാരണം, നാടൻ വിഭവങ്ങളും, നാടൻ കറികളുമായിരുന്നു ഒരുക്കിയത്. നിങ്ങൾക്കും ഇഷ്ടമല്ലേ നാടൻ വിഭവങ്ങൾ. എങ്കിൽ ഏതെ ങ്കിലും ഒരു നാട്ടുഭക്ഷണം തയ്യാറാക്കുന്ന പാചകക്കുറിപ്പ് തയ്യാറാക്കാമോ?

**44. പഠനനേട്ടം : ശൈലികൾ/ ചൊല്ലുകൾ വ്യാഖ്യാനിക്കുന്നു.**

താഴെപ്പറയുന്ന ശൈലികൾ വിശദീകരിക്കുക.

1. കിഴക്കു വെള്ള കീറുക
2. വല്ലാതെ മുഷിഞ്ഞു
3. ഉപ്പു തൊട്ടു കർപ്പൂരം വരെ

**45. പഠനനേട്ടം : പഴഞ്ചൊല്ലുകൾ വ്യാഖ്യാനിക്കുന്നു.**

- ഊണിനു മുമ്പും ചൂട്ടിനു പിമ്പും
- വിത്ത് കുത്തി ഉണ്ണരുത്
- അന്നം ഔഷധമാണ്.

**46. പഠനനേട്ടം : പാഠത്തിലെ ആശയത്തെ, വിവരണം, ചിത്രീകരണം, പോസ്റ്റർ, വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു.**

കടയ്ക്കനാട് പ്രദേശത്തെ തരിശു വയൽ പ്രദേശങ്ങളിൽ കൃഷി ഇറക്കാൻ തീരുമാനിച്ച് കടയ്ക്കനാട് എം.റ്റി.എൽ.പി. എസിലെ കുട്ടികളും പി.റ്റി.എയും കൃഷി ഭവന്റെ സഹായം തേടി. സൗജന്യവളവും വിത്തും കൃഷി ഓഫീസർ

സുജാതാകുമാരി വാഗ്ദാനം ചെയ്തു. വാർഡ് മെമ്പർ ബെന്നി എല്ലാപിന്തുണയും നൽകി . കൃഷിയിറക്കൽ നാടിന്റെ ഉത്സവമായി .വിത ആരംഭിച്ചു.

a. 'കൃഷിയിറക്കൽ' ആഘോഷം – ആവശ്യമായ കൂട്ടിച്ചേർക്കലോടെ ഒരു പത്രവാർത്തയാക്കാമോ?

b. താഴെക്കൊടുത്തിരിക്കുന്നവയിൽ നിലം ഉഴാൻ ഉപയോഗിക്കുന്ന വസ്തു (കലപ്പ, തൂമ്പ, ഇടങ്ങഴി, അരിവാൾ)

c. 'നന്നായി അധ്വാനിച്ചാൽ നന്നായി ജീവിക്കാം' എന്നർത്ഥം വരുന്ന ഒരു പഴഞ്ചൊല്ല് എഴുതുക.

**46. പഠനനേട്ടം : ശേഖരിച്ച/ നിരീക്ഷിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.**

"പൂത്തുതളിർത്തിങ്ങൊരു വാട്ടം
തീർന്നു കഴിഞ്ഞൊരു പൂന്തോട്ടം
കുയിലേ നിൻ പാട്ടിലിന്നു
കുതുകം കൊണ്ടു മുഴക്കുന്നു
നീയിതു കാലമുണർന്നല്ലോ
ഓടക്കുഴലു വിളിച്ചല്ലോ
വന്നിതു വന്നിതു മൃദുഹാസം
ചിന്നിവിടർന്നൊരു മധുമാസം
പൂക്കും മാവിലാണഞ്ഞല്ലോ
പാട്ടിൻ കുഴലു തുറന്നല്ലോ."

കുയിലിനെക്കുറിച്ച് പി. കുഞ്ഞിരാമൻ നായർ എഴുതിയ കവിതയാണിത്.

a. 'കൗതുകം' എന്ന പദത്തിന് പകരം പഠിച്ച പദം കണ്ടെത്തി എഴുതുക.

b ' പൂവ്' എന്ന പദത്തിന് പകരം രണ്ട് പദങ്ങൾ എഴുതുക

c നിങ്ങളുടെ വീടിന്റെ പരിസരത്ത് പറന്നെത്തുന്ന പക്ഷികളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പക്ഷി ഏതാണ്? ആ പക്ഷിയുടെ പ്രത്യേകതകളും ഇഷ്ടപ്പെടാനുള്ള കാരണങ്ങളും ഉൾപ്പെടുത്തി ഒരു കുറിപ്പ് എഴുതുക.

**47. പഠനനേട്ടം: ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.**

**പാടും കിളി**

കിളിയുടെ പാട്ടുകൾ കേൾക്കുന്നേരം
കരളിനുള്ളിലൊരാനന്ദം
പാടും കിളിയുടെ പാട്ടിനുള്ളിൽ
കാടുപകർന്നൊരു സംഗീതം
മഞ്ഞുപുതച്ചുകിടക്കും മലയുടെ
ഉള്ളിലിരിക്കും രാഗങ്ങൾ
മലവഴി പലവഴിയൊഴുകും പുഴയുടെ
പാദസ്വരത്തിൻ താളങ്ങൾ
മഴയുടെ കണ്ണിലൊളിച്ചു കിടക്കും
സ്നേഹത്തിൻ മൃദുനാദങ്ങൾ
നീലാകാശം പീലികൾ നിർത്തും
മഴവില്ലിൻ നിറവർണ്ണങ്ങൾ
പാടും കിളിയുടെ പാട്ടിനുള്ളിൽ
പലപല രാഗസുഗന്ധങ്ങൾ (രാധാകൃഷ്ണൻ എടച്ചേരി)

a. 'മഞ്ഞ്' എന്ന പദത്തിന് നിങ്ങൾ പഠിച്ച മറ്റൊരു പദം കണ്ടെത്തുക.

b 'കരളിനുള്ളിൽ' എന്ന പദം പിരിച്ചെഴുതുക

c ''കിളിയുടെ പാട്ടുകൾ കേൾക്കുന്നേരം

കരളിനുള്ളിലൊരാനന്ദം''കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് എഴുതുക.

# അധിക വായനയ്ക്ക്

**കുട്ടികൾ തനിയെ വായിച്ച് ആശയഗ്രഹണം നടത്തുന്നതിനുള്ള സാമഗ്രികളാണ് അധികവായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വായിച്ചതിന്റെ ആശയഗ്രഹ ണവുമായി ബന്ധപ്പെട്ട് ചോദ്യോത്തരപ്പയറ്റ് കുട്ടികൾ തന്നെ ഗ്രൂപ്പ് അടിസ്ഥാന ത്തിൽ നടത്തുക._( ആശയഗ്രഹണത്തിനായി അധ്യാപകർ ഇടപെടേണ്ടതില്ല.)**

1. **മണ്ണും കൃഷിയും**

കുട്ടനാട്ടിൽ കാണപ്പെടുന്ന മണ്ണു പോലെ എറണാകുളം, തൃശൂർ ജില്ലകളിൽ തീരപ്രദേശങ്ങളിൽ കാണുന്ന മണ്ണിനമാണ് പൊക്കാളി മണ്ണ്. സമുദ്രജലം നേരിട്ട് കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നതിനാൽ ഇത്തരം മണ്ണിൽ ലവ ണാംശം പൊതുവേ കുട്ടനാടൻ മണ്ണിനേയും മറ്റ് മണ്ണിനങ്ങളേയും അപേ ക്ഷിച്ച് ലവണാംശം കൂടുതലായിരിക്കും. മണ്ണിൽ മഴവെള്ളത്തോടൊപ്പം വാർന്നു പോകുന്നതിന് മണ്ണ് കൂനകൂട്ടിയാണ് ഇവിടെ കൃഷിചെയ്യുന്നത് ഇവിടത്തെ പ്രത്യേക രീതിയിലുള്ള നെൽകൃഷി ‘‘പൊക്കാളി കൃഷി’’ എന്നാണ് അറിയപ്പെടുന്നത്. ഈ കൃഷി രീതിയുടെ ഏറ്റവും പ്രധാന സവി ശേഷത ഇത് പൂർണ്ണമായും ജൈവകൃഷിയാണ് എന്നുള്ളതാണ്. ലവണാം ശത്തെ ചെറുത്ത് വളർന്ന് നല്ല വിളവുനൽകുന്ന നെല്ലിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. ജൈവവൈവിധ്യം കൊണ്ട് സമ്പുഷ്ടമായ കണ്ടൽക്കാടു കൾ ഇവിടെ സുലഭമാണ്.

വിവരണം വായിച്ച് പ്രധാനആശയം ഉൾക്കൊണ്ട് പരമാവധി ചോദ്യങ്ങൾ നിർമ്മിക്കുക.

**2. പ്രളയംവിഴുങ്ങിയകേരളം**

മഹാപ്രളയംകേരളത്തെ ഒന്നാകെമുക്കി കളഞ്ഞ വർഷമായിരുന്നു 2018. 1924 ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയവെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യംവഹിച്ചത്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്കവും മലയോര മേഖകലളിൽ ഉരുൾപ്പൊട്ടലും ഉണ്ടായത്. അണക്കെട്ടുകളിലെ ജലനിരപ്പ് ഉയർന്നതോടെ ഷട്ടറുകളിലൂടെ ഉണ്ടായ വെള്ളത്തിന്റെ പ്രവാഹം നിയന്ത്രണത്തിന് അതീത മായി.

കുറെ ആമകളും രണ്ട് ഇന്ത്യൻ പക്ഷികളും–യൂറിക്ക

ഡോ: ബാലകൃഷ്ണൻ ചെറുപ്പ.

**3.വലിയകരയാമകൾ**

കടലാമകളെ നിങ്ങൾകണ്ടിരിക്കും . വളരെ വലുതാണവ. വേണമെങ്കിൽ പുറത്ത്കയറി സവാരിചെയ്യാം. കരയിലെആമകൾ പൊതുവെ ചെറുതാണ്. ഗാലപ്പോസ് ദ്വീപുകളിൽ ഭീമൻ കരയാമകൾ ഇപ്പോഴുമുണ്ട്. അവിടെയുണ്ടായിരുന്ന പതിനാല് ഭീമൻ കരയാമകളിൽ നാലെണ്ണം നശിച്ചുപോയി. കുറെക്കാലം മുമ്പുവരെ ഇന്ത്യാസമുദ്രത്തിലെ റീ യൂണിയൻ, മൊറീഷ്യൻ, റോഡ്രിഗ്രീസ് എന്നീ ദ്വീപുകളിൽ ഭീമൻ കരയാമകൾ ധാരാളം ഉണ്ടായിരുന്നു. ഭക്ഷണം ധാരാളമുള്ളതുകൊണ്ട് ആയിരക്കണക്കിന് ആമക്കൂട്ടങ്ങൾ ഓരോ ദ്വീപിലും സുരക്ഷിതരായി കഴിഞ്ഞിരുന്നു. തുടർന്ന് കപ്പൽ സഞ്ചാരികളും കുടയേറ്റക്കാരും വന്നതോടെ ആമകളുടെ കഷ്ടകാലംതുടങ്ങി.

**4. തണുപ്പിലെ കൂട്ടുകൾ**

കൊടുംതണുപ്പിൽ കഴിയുന്നവരാണ് സീലുകളും വാൾറസുകളും, തണുപ്പിനെ തടുക്കാൻ ഇവയുടെ തൊലിയുടെ തൊട്ടുതാഴെ കട്ടിയേറിയ ഒരു കൊഴുപ്പു പാളിയുണ്ട്. ബ്ലബർ എന്നാണ് ഇതിന്റെ പേര്. അതു ശരീരത്തിലെ ചൂട് നഷ്ടപ്പെടാതിരിക്കാൻ സഹായിക്കും. കൊടും തണുപ്പുകാലത്ത് ധ്രുവപ്രദേശത്തെ മിക്ക ജീവികളും നീണ്ട ഉറക്കത്തിലായിരിക്കും. ശിശിര നിദ്ര എന്നാണ് ഈ ഉറക്കത്തെ വിളിക്കുന്നത്. വേനൽ എത്തുന്നതുവരെ ഇത് തുടരും.

**5.കഥകളിയെ അറിയാം**

ജയദേവ കവിയുടെ അഷ്ടപദിയെ ആസ്പദമാക്കി കോഴിക്കോട് മാനവേദൻ സാമൂതിരി കൃഷ്ണനാട്ടത്തിന് രൂപം നൽകി. ഒരിക്കൽ കൊട്ടാരക്കര തമ്പുരാൻ സാമൂതിരിയോടെ കൃഷ്ണനാട്ടം കാണുവാനുള്ള ആഗ്രഹം അറിയിക്കുകയുണ്ടായി. എന്നാൽ കൃഷ്നാട്ടം കണ്ട് രസിക്കാനുള്ള പാണ്ഡിത്യം കൊട്ടാരക്കര തമ്പുരാന് ഇല്ലെന്നായി സാമൂതിരി. ഇത് കൊട്ടാരക്കര തമ്പുരാനെ ചൊടിപ്പിച്ചു. അദ്ദേഹം ഉടനെ തന്നെ രാമകഥയ്ക്ക് പ്രാധാന്യം നൽകി. 'രാമനാട്ടം' എന്ന കലാരൂപം സൃഷ്ടിച്ചു എന്നാണ് കഥ. രാമനാട്ടമാണ് പിന്നീട് കഥകളിയായി

പരിഷ്കരിക്ക്പ്പെട്ടത്. ഇതിന് പ്രധാന പങ്ക് വഹിച്ചത് കപ്ലിങ്ങാട് നമ്പൂതിരി, വെട്ടത്ത് രാജാവ്, കോട്ടയത്ത് തമ്പൂരാൻ എന്നിവരാണ്. മേളപ്പദം, പുറപ്പാട്, തോടയം എന്നിവ കപ്ലിങ്ങാട്ട് നമ്പൂതിരിയുടെ സംഭാവനകളാണ്. കഥകളിയിലെ പ്രധാന പാട്ടുകാരൻ 'പൊന്നാനി' എന്നും ഏറ്റുപാടുന്നയാൾ 'ശിങ്കിടി' എന്നും അറിയപ്പെട്ടു. ഇവരുടെ പാട്ടിനനുസരിച്ചാണ് കഥകളി നടൻ ആടുന്നത്.

# DIET ERNAKULAM

## Little scholars 2020

## Paper I Part B

## ENGLISH

**Hard Spots :**

- Construct dialogues appropriate to the context.
- Express thoughts and feelings in simple language
- Read and comprehend a story and answer simple questions
- Express his/her own feelings in writing a diary.
- Describe a picture using variety of sentences
- Write personal experiences in simple language.
- Identify the theme of the poem and answer the questions
- Write diary
- Prepare notice
- Draft a scrolling news.

**Sample questions**

1. **Learning Outcome: Expressing one's own feelings and thoughts in diary**
   **using simple sentences.**

   Anna is very happy. She got a new friend today. She got him because of aunt Arundathi. He saved Anna's paper boat from getting flooded. She really liked him. Though he looks rude, he is good at heart. That night she started writing her diary. Prepare the diary.

2. **Learning outcomes: draft/develop a notice for the given theme.**

   His Highness declared Robert  as the prince of his kingdomThe king ordered his men to prepare a notice for his coronation ceremony. Draft a notice for the function

**Hints**

| | |
|---|---|
| * Venu: Palace auditorium | * Royal crown |
| * Date : 01-01-2020 | * feast |
| * Time : 10.00 am | * Song and dance |

3. **Learning outcomes:  Express one' own feelings as diary in simple language**

   Ivan returned home from the forest.Now he could understand the language of birds. Ivan talked to the nightingale in its language. The nightingale predicted that he would become a king and his master would become his servant. Ivan couldn't believe his ears. That night he could not sleep at all. He rolled on his bed. He thought about his

hardships.His mind was filled with different feelings Can you prepare a diary?

**4. Learning Outcome :Preparing scrolling news**

'Your majesty, supper is ready' Ivan looked at the old servant at his door. He could not believe his eyes. It was his old master. Ivan told him all about his past. The next morning his coutiers informed the king that the old servant is missing. Ivan searched for him every where but he couldn't .So he asked to give a scrolling news.

( Hint – long beard, hat, coat and trousers, age 60, height -165 cm, a scar on the right hand, name George)

**5. Learning Outcome: Read and comprehend a passage**

**Honesty is the best policy**

King Pingala started a honesty shop in Gandhara for children. Toys, bags, books , pictures, pots… everything was well arranged in the shop. Price tag was given for each item. No one was there to collect money. People can take the needed things and place the cash honestly in the cash box. Pingala was happy with his people

**Read the passage given above and answer the following questions.**

1. What did Pingala start?
2. Name four things available in this shop?
3. How did the people pay money?
4. What message did Pingala try to convey his people?

6. **Learning Outcome** : Prepare notice including the details like time, date, venue

Pingala decided to celebrate Chingam 1 , Farmer's Day. On that day, he wanted to honour best farmers, distributing seeds and things required for farming. It will be distributed to all people who attend the function. He ordered his minister to prepare a notice for this proclamation.

7. **Learning outcome** : Construct dialogues appropriate to the context

The police found out the 'lost child' . They gave the boy back to his parents. What would be the likely conversation between the child and his parents.

Parent : Oh! my dear child! Where were you?

Child :

8. **Learning Outcome:Construct dialogues appropriate to the context.**

The captain and the crew of the ship saved Ivan. Ivan requested the captain to anchor the ship. The ship reached in a remote village. He is new to the place and has no friends. Some children in the village saw him sitting alone. They started talk to him. Write the likely conversation between Ivan and children.

Boy : Who are you ? Why are you sitting alone here ?

Ivan :

9. **Learning Outcome:Preparing scrolling news.**

Kesavan spent a lot of time tending his garden and planting the best flowering plants. Everyday he used to visit his garden with his pet dog Albin. Oneday while Kesavan was planting a new apple tree, he realized that his black spoted white dog with long tail is missing. He

searched everywhere. But couldnot find. So he decided to give a scrolling news.

**10. Learning Outcome :Construct dialogues appropriate to the contexts**

Pingala also joined the other children going to palace, holding the empty pot in his hand. The king arrived and looked at the plants.'Hah'! The king sighed. He saw a boy stood at the end of the line with an empty pot. He became happy. Write down the possible conversation between the king and Pingala.

King : Why did you come with an empty pot , my child?
Pingala :

**11. Learningoutcomes: Express thoughts and feelings in simple language.**

Anna and the fat boy became good friends. The fat boy liked his new friend. That night the boy thought about the paper boats, how they played etc.Will she be my friend always ? The boy thought. What could be his thoughts?

**12. Learning outcome**: **Write a description of a personal experience in simple English.**

Manu returned home with his father and mother. He was happy to visit the summer fair. He was eager to go school the very next day. His friend Binu was waiting him near the bus stop. 'Why were you absent yesterday ?', Binu asked.Manu described him all his experience in the fair. Write a description about the summer fair.

**13. Learning Outcome: Express thoughts and feelings in simple language**

The merchant was surprised to see Ivan as a king. He could not believe his eyes. king Ivan looked at his old master. The merchant was really frightened to see king Ivan. He turned back and walked silently. He reached the store room. Thoughts flashed through his mind.What would be the thoughts of Ivan's old master?

**14. Learning Outcome : Read and comprehend simple passages.**

Abu and his friends decided to celebrate Christmas . Abu made a Christmas tree using small wooden pieces. Anna made different types of beautiful stars. Ammu and Arun decorated the Christmas tree using balloons, colour bulbs and ribbons. Anna placed the Baby Jesus down on the grass bed. After the decoration they all smiled pleasantly.

Read the above passage and answer the questions given below

I. What did Ammu and Arun do?

II. How did they decorate the Chistmas tree?

III. Who made the Christmas tree?

IV. What did Anna place on the grass bed?

**15. Learning Outcome:Express thoughts and feelings in simple language**

Vidyadhara hugged Pingala and announced " Here is the crown prince! I had given everyone roasted seeds, which would never grow"Pingala was surprised. He couldn't sleep that night memories flashed through his mind.Write the thoughts of Pingala.

**16. Learning Outcome :Construct dialogues appropriate to the context**

The fat boy played a long time with Anna. He reached home with some paper boats. He was very happy. His mother was surprised to see the paper boats. Write the conversation between the mother and the fat boy.

Mother : You are very happy today.
What is in your hand dear?

Boy :

**17. Learning Outcome:Express his/her own feelings in writing a diary**

They saw huge waves breaking many ships sailing in the sea. " You saved our lives'' the captain thanked Ivan. After a long journey the captain reached home. He remembered the strange things happened in the journey . He began to write the diary.What will the captain write in his diary?

**18. Learning outcome :Prepare notice including the details like time, date and venue**

Anna and the fat boy became thick friends. They played together . They studied together. They even ate together. At last they got the L.S.S Scholarship. The school is conducting a programme for congratulating the winners on 10/6/2020 at school auditorium. The prize will be distributed by the panchayath President.Prepare a notice for the programme by including the date, time and venue.

**19. Learning Outcome : Prepare Conversation in suitable contexts**

Anna and the fat boy Raju became close friends. One day Aunt Arundhathi decided to go for a picnic with the kids, next day. She told this to Anna and asked her to invite Raju for the picnic. She ran to the

boy and told him about the picnic. Write down the conversation between them ?

**20. Learning Outcome: Construct dialogues appropriate to the context.**

2018 was a flood year to Grandhara . It started raining for days. Disaster occurred almost everywhere in Gandhara, It resulted in widespread damage of fields, lands, crops and plants. All the farmers became sad. A group of farmers visited Vidhyadhara to tell about their miseries.Write the conversation between Vidhyadhara and the farmers.

Farmer: Your Majesty, Please help us
King :

**21. Preparing notice in relevant context**

King Ivan used to visit the forest to enjoy the beauty of nature. Oneday, he saw a heart breaking scene. All the trees were cut and no animals and birds were there in one corner of the forest. He felt very sad. He decided to conduct an awareness class for the people regarding the need of protecting the trees.The class will be conducted in the palace on 25$^{th}$ December at 10 am. He ordered his ministers to prepare a notice for the programme.Write down a notice for the programme.

**22. Learning Outcome :Write a description for the context.**

King Vidyadhara hugged Pingala and announced, ‘Here is the crown Prince. I had given everyone roasted seeds, which would never grow, only this boy is honest. I am sure one day he will rule this kingdom justly’.Pingala can’t believed his ears. He never thought that he will become the king . His happiness was limitless. He ran to his home.

Everyone gathered around him. He started to describe everything . Write the description.

**23. Learning Outcome :Preparing announcements**

Rahul and his family were enjoying the show. Suddenly the cycling elephant rushed towards the crowd. People got frightened and ran hither and thither. Rahul also ran for his life. After some time he found that his little sister is missing.He searched for the girl everywhere. He went to the information centre. Prepare an announcement for Rahul.

**24. Learning Outcome:Read and comprehend simple passage and answer the questions**

One Sunday morning Anna & Abu went to play with their friends Vrinda & Arun. They decided to play a game Hide& Seek near the lake. Anna was the seeker. Abu hid behind the mango tree. Arun sat on the branch of the tree, Vrinda was among the bushes, Anna started to count 1,2,3….suddenly they heard a creaking sound, Ah..h..h.! Oh my God !Arun fell in to the lake. Abu shouted . In a flash, Abu jumped into the lake. All the others gathered around the lake. Abu pulled out Arun to the shore. Arun looked Abu thankfully. Every one clapped Abu.

1. Which game did Anna & her friends play ?
2. Who was the seeker?
3. Where did Arun hide?
4. What happened to Arun?
5. How did Abu save Arun?
6. Give a suitable title for the passage?

**25. Learning Outcome : Prepare a conversation for the context.**

The baby elephant lost his way. He walked alone. He was very thirsty. He reached in a village. Baby elephant asked for some water. Every one cried loudly and ran out. Baby elephant became very sad. He walked back.After a long walk he met his mother.Write the conversation between Baby elephant and mother.

Mother : Where were you my child?

Baby elephant :

**26. Learning Outcome : Add more lines to the poem**

On the way to the forest the baby elephant saw many things. All were waiting to see him. He began to sing.

Swaying trees are telling me

Hurry up dear hurry up dear

Let's sing a song.

Flying birds…

…………………..

…………………..

Add more lines to the poem

**27. Learning Outcome: Prepare conversation suitable for the contexts.**

Next day Anna went to the stream with some paper boats. The fat boy was waiting there. They played together.Anna wanted to know about his parents.

Write the conversation between Anna and the fat boy Riyo.

Anna : Who is your father?

Fat boy : I don’t have father.

**28. Learning Outcome :Read the passage and answer the following questions**

Anna loves to play videogames. Her favorites are Disney games. Anna reached home from school one day. Aunt Arundathi asked her if she had any home work because she wanted to play her games.Then she changed her mind. She knew that if she lied she would loose her games for a week. She did her homework first and still had time to play two games before dinner. She knows it is best to be honest.

1. What are Anna’s favorites videogames ?
2. Did Anna have homework?
3. What would happen if she lie?
4. Give a suitable title for the passage?

**29. Learning Out come: Express thoughts and feeling in simple language**

A man in the crowd heard a cry. He turned back. He saw a boy. The boy was crying. He sat near the body and asked, “What happened? Where are your parents?’’ The man searched for the boy’s parents every where . But he could not see them. He was upset . He sat near the boy. Write down the thoughts of the man.

**30. Express one’s own feelings as diary in simple language**

It was the day of Ivans’ coronation . The birds helped him in all his hard times . It was with the help of the birds that he became a king. He was so excited. He remembered the nightingale and the mother bird. He thanked them for all his good luck. His heart was filled with joy and thankfulness

Write the thoughts and feeling of king Ivan as diary entry.

**Objective type questions**

(a) Rahul requested his parents to take him for watching the Jumbo circus

Read the above sentence and find out the word similar to the meaning "requested"

(b) Rahul went to watch the circus with his family.

He saw the joker was standing _______________ the ringmaster and the cycling elephant [ between, in, among]

(a) Rahul ________ bitterly when he saw that his little sister is missing (weep)

(b) Rahul got his little sister back.

He became very happy. They started watching the show.

Rahul was fascinated to see the bear is riding the unicycle.

He began to dream for a ..........................

# ഡയറ്റ് എറണാകുളം

# ലിറ്റിൽ സ്കോളേഴ്സ്

## പേപ്പർ II പാർട്ട് A

## പരിസരപഠനം

## HARD SPOTS

- അനുകൂലനം
- വേരുപടലം
- സിരാവിന്യാസം
- ബീജപത്രം
- ക്വിറ്റ് ഇന്ത്യാ സമരം
- ഉപ്പുസത്യാഗ്രഹം
- ചമ്പാരൻ
- പക്ഷികൾ – സഞ്ചാരരീതി, ആഹാരസമ്പാദന രീതി
- പക്ഷികളുടെ പ്രാധാന്യം, പ്രയോജനം
- കേരളത്തിലെ കലാരൂപങ്ങൾ
- ഭ്രമണം, പരിക്രമണം, ചന്ദ്രൻ, വൃദ്ധി ക്ഷയം, അമാവാസി, പൗർണമി, ഗ്രഹങ്ങൾ ഉപഗ്രഹങ്ങൾ, കൃത്രിമ ഉപഗ്രഹങ്ങൾ
- പരീക്ഷണക്കുറിപ്പ്
- ഭൂപടവായന
- ഇന്ത്യൻ സംസ്ഥാനം, കലാരൂപം, ഭാഷ
- വാർത്താവിനിമയ സംവിധാനങ്ങൾ
- പ്രഥമശുശ്രൂഷ

**മാതൃകാചോദ്യങ്ങൾ**

1. **പഠനനേട്ടം : കരയിലും ജലത്തിലും ജീവിക്കുന്ന ജീവികളുടെ ശാരീരിക സവിശേഷതകൾ അവയുടെ ജീവിതത്തിന് അനുയോജ്യമാണെന്നു കണ്ടെത്തി പ്രസ്താവിക്കുന്നു.**

2. അവധിക്കാലമായതിനാൽ അമ്മുവും കൂട്ടുകാരും കളിക്കുവാനായി പാടവരമ്പത്തേക്ക് പോയി. അപ്പോഴാണ് അവിടെ ഒരു കൊക്ക് തന്റെ ഇരയെ ഉന്നം വച്ചിരിക്കുന്ന കാഴ്ച അമ്മുവും കൂട്ടുകാരും കണ്ടത്. അവർ ശബ്ദമുണ്ടാക്കാതെ അവിടെ തന്നെ നിന്നു. 'എത്ര സമർത്ഥമായാണ് കൊക്ക് തന്റെ ഇരയെ പിടിക്കുന്നത്'. അമ്മുപറഞ്ഞു. എങ്കിൽ എങ്ങിനെയായിരിക്കും അവ തന്റെ ഇരയെ പിടിച്ചിട്ടുണ്ടാവുക? താഴെ തന്നിരിക്കുന്ന ജീവികളുടെ ശാരീരിക സവിശേഷതകളും കൂടി കണ്ടെത്തി എഴു തുമല്ലോ.

| ജീവികളുടെ പേര് | ശാരീരിക സവിശേഷതകൾ |
|---|---|
| കൊക്ക്<br>ആമ<br>പരുന്ത് | |

2. **പഠനനേട്ടം : പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.**

മീനുവിന്റെ സ്കൂളിൽ പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചനാ മത്സരം നടക്കുകയാണ്. മീനുവും മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. എന്തെല്ലാം കാര്യങ്ങളാണ് മീനു തന്റെ പോസ്റ്റർ രചനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾക്കും സഹായിക്കാമോ

3. **പഠനനേട്ടം : ഇലകളിലെ സിരാവിന്യാസം, വേരുപടലം, ബീജപത്രങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ലഘുപ്രോജക്ടുകൾ നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു**

മനുവിന്റെ വിദ്യാലയത്തിൽ നിന്നും എറണാകുളം ജില്ലാ കൃഷിത്തോട്ടത്തിലേക്ക് ഒരു പഠനയാത്രപോയി. മനുവും കൂട്ടുകാരും അവിടത്തെ സസ്യങ്ങളുടെ പേരുമുഴുവൻ പട്ടികയാക്കി. പഠനയാത്ര കഴിഞ്ഞ് വിദ്യാലയത്തിലെത്തിയ മനു സസ്യങ്ങളെ വിവിധ രീതിയിൽ വർഗ്ഗീകരിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് പരിസരപഠനം പഠിപ്പിച്ച ടീച്ചർ പറഞ്ഞ കാര്യങ്ങൾ മനു ഓർത്തത്

a. ഈപട്ടിക പൂരിപ്പിച്ച മനുവിന് കൃഷിത്തോട്ടത്തിൽ കൂടുതലായി ഉള്ളത് ഏത് വിഭാഗം സസ്യങ്ങളാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞോ?നിങ്ങളുടെ നിഗമനം തെളിവുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക?

b. ബീജപത്രങ്ങളും സിരാവിന്യാസങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ മനു തന്റെ വീടിന്റെ പരിസരത്തുള്ള ചില സസ്യങ്ങളുടെ വേരുകൾ കൂടി നിരീക്ഷിച്ചു. അപ്പോഴാണ് മനുവിന് സസ്യങ്ങളുടെ വേരുകളും സിരാവിന്യാസവും ബീജപത്രങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ കഴിഞ്ഞത്? എന്തായിരിക്കും മനുവിന്റെ കണ്ടെത്തലുകൾ?

| സസ്യങ്ങളുടെ പേര് | ബീജപത്രങ്ങളുടെ എണ്ണം | സിരാവിന്യാസം |
|---|---|---|
| തെങ്ങ<br>പന<br>ജാതി<br>പേര<br>പ്ലാവ്<br>പയർ<br>പാവൽ<br>ആമ്പൽ<br>റോസ<br>മുല്ല | | |

c. എറണാകുളം ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്നതെവിടെ?

**4. പഠനനേട്ടം: നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.**

ജോണി തന്റെ ക്ലാസ് മുറിയുടെ മുന്നിൽ ഒരു പാത്രത്തിൽ കുറച്ച് വിത്തുകൾ മുളപ്പിക്കാൻ വച്ചു. പരിസരപഠനം ടീച്ചർ ജോണിയോട് കുറച്ച് കാര്യങ്ങൾ നിരീക്ഷിക്കാൻ ആവശ്യപ്പെട്ടു.

a. എന്തൊക്കെ കാര്യങ്ങളായിരിക്കാം. ജോണിയോട് നിരീക്ഷിക്കാനാവശ്യപ്പെട്ടത്?

b. ഒരാഴ്ചക്കാലം വിത്തിന്റെ വളർച്ചാഘട്ടങ്ങൾ നിരീക്ഷിച്ചിട്ട് ജോണി തന്റെ പരിസരപുസ്തകത്തിൽ രേഖപ്പെടുത്താൻ സാധ്യതയുള്ള കാര്യങ്ങൾ എന്തൊക്കായായിരിക്കും?

**5. പഠനനേട്ടം : സസ്യങ്ങളുടെ വേരുപടലത്തിന്റെ സവിശേഷതകൾ കണ്ടെത്തി നാരു വേരുപടലം, തായ് വേരുപടലം എന്നിങ്ങനെ തരം തിരിക്കുന്നു,**

നെല്ല്, മാവ്, പുളി, തെങ്ങ്, മുള, പപ്പായ, ആൽ, പുല്ല്, മഞ്ഞൾ, പ്ലാവ്, ഇവയെ വേരുപടലത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുക.


**6. പഠനനേട്ടം : വേരുപടലം, സിരാവിന്യാസം, ബീജപത്രങ്ങളുടെ എണ്ണം ഇവ തമ്മിൽ ബന്ധപ്പെടുത്തുന്നതിന്.**

| സസ്യത്തിന്റെ പേര് | വേരുപടലം | സിരാ വിന്യാസം |
|---|---|---|
| **ആഞ്ഞിലി** | | |
| **കമുക്** | | |
| **തെങ്ങ്** | | |
| **പേര** | | |
| **ബദാം** | | |
| **നെല്ല്** | | |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക നിരീക്ഷിച്ച് അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരുക.

**7. പഠനനേട്ടം : വേരുപടലം, സിരാവിന്യാസം, ബീജപത്രങ്ങളുടെ എണ്ണം ഇവ തമ്മിൽ ബന്ധപ്പെടുത്തുന്നതിന്.**

താഴെ കൊടുത്തിരിക്കുന്ന ആശയങ്ങളെ ക്രമപ്പെടുത്തി ആശയരൂപം പൂർത്തിയാക്കുക.




**8. പഠനനേട്ടം:പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷണക്കുറിപ്പ് എഴുതുന്നു..**

a. വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനുള്ള പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷണക്കുറിപ്പ് എഴുതുന്നു.

b. **ശരിയോ തെറ്റോ എന്നെഴുതുക**

i. വിത്ത്മുളക്കുമ്പോൾ ബീജശീർഷമാണ് ആദ്യം പുറത്തുവരുന്നത്


ii. ആദ്യം പുറത്തുവരുന്ന ഭാഗം വേരായി മാറുന്നു

iii. ബീജമൂലമാണ് പിന്നീട് കാണ്ഡമായി മാറുന്നത്.

iv. ബീജപത്രം ചെടി വളരുന്നതിനനുസരിച്ച് വളരുന്നു.

**9. പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തിപറയുന്നു.**

a. ഗാന്ധിജയന്തി ദിനാചരണവുമായി ബന്ധപ്പെട്ട് ആൻസിയുടെ വിദ്യാലയത്തിൽ തയ്യാറാക്കിയ ചുമർ പത്രത്തിലെ ചില സംഭവങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇത് നടന്ന വർഷങ്ങൾ എഴുതുക?




c. ജാലിയൻ വാല കൂട്ടക്കൊല നടന്ന പ്രദേശം ഇന്ത്യയിൽ ഏത് സംസ്ഥാനത്താണ്?

d. 'പ്രവർത്തിക്കൂ അല്ലെങ്കിൽ മരിക്കൂ'' ഈ മുദ്രാവാക്യം ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?

d , ' കേരളഗാന്ധി 'എന്നറിയപ്പെടുന്നതാര്?

e . 'വരിക വരിക സഹജരെ' എഴുതിയതാര്?

f. അഹിംസ ദിനം ആചരിക്കുന്നതെന്ന്?

**10. പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തുന്നു.**

‘ബ്രിട്ടനെ വിരട്ടുവിൻ

ചട്ടമൊക്കെ മാറ്റുവിൻ

ദുഷ്ടനീതി വിഷ്ടപത്തി–

ലൊട്ടുമെ നിലച്ചിടാം.’

ഈ വരികളിൽ നിന്ന് സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യയുടെ ഏതെല്ലാം അവസ്ഥകൾ നമുക്ക് തിരിച്ചറിയാം?

**11. പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തുന്നു.**

‘പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക’ എന്ന മുദ്രാവാക്യം മുന്നോട്ടു വയ്ക്കാനുള്ള കാരണമെഴുതുക? ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക?

**12. പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തുന്നു.**

നടന്ന വർഷങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.

ഉപ്പുസത്യാഗ്രഹം, ഖേഡാസമരം, ചമ്പാരൻ സത്യാഗ്രഹം

**13. പഠനനേട്ടം: ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾ വിശദമാക്കുന്നു..**

a. എന്താണ് ഉപ്പുസത്യാഗ്രഹം

b. ക്വിറ്റ്  ഇന്ത്യ (1942) യെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

c. ചമ്പാരൻ സത്യാഗ്രഹത്തെക്കുറിച്ച് വിവരിക്കുക.

**14. പഠനനേട്ടം: ഇന്ത്യൻ സ്വതന്ത്ര്യ സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ നടത്തിയ ക്രൂരതകൾ വിശദീകരിക്കുന്നു.**

ജാലിയൻവാലബാഗ് സംഭവം വിവരിക്കുക.

**15. പഠനനേട്ടം : ചുറ്റുപാടുള്ള പക്ഷികളുടെ പേര് തിരിച്ചറിയുന്നതിന്.**

അപ്പു പാടവരമ്പിലൂടെ നടക്കുന്നതിനിടയിൽ ഒരു പക്ഷി പറന്നുപോകുന്നത് കണ്ട് അവൻ അപ്പൂപ്പനോട് ആ പക്ഷിയുടെ പേരെന്തെന്ന് ചോദിച്ചു. ' അത് ചെമ്പോത്താണ്' അപ്പൂപ്പൻ പറഞ്ഞു. അപ്പു അവന് അറിയാവുന്ന പക്ഷി കളെ ചൂണ്ടികാട്ടി അതിന്റെയെല്ലാം പേര് പറയാൻ തുടങ്ങി.

നിങ്ങൾക്കറിയാവുന്ന പക്ഷികളുടെ പേരെഴുതി പ്രത്യേകതകൾ പറയാമോ?

**16. പഠനനേട്ടം: കൂടുകൾ, വാസസ്ഥലം, ആകൃതി എന്നിവയിൽ പക്ഷികൾ വൈവിധ്യം പുലർത്തുവെന്ന് കണ്ടെത്തി പറയുന്നു.**

തെങ്ങിൻ തോപ്പിലൂടെ നടക്കുന്നതിനിടയിൽ ഒരു തത്ത പറന്നു പോകുന്നത് ഉണ്ണി ശ്രദ്ധിച്ചു. ' ആ തത്ത തെങ്ങിലെ പൊത്തിലേക്കാണ് കയറിപ്പോയത്' ഉണ്ണി പറഞ്ഞു. ഉണ്ണിയുടെ ചേച്ചി അത് കേട്ട് പറഞ്ഞു. ' തത്തയുടെ കൂടാണ് അത് ' അപ്പോ കാക്കയുടെ കൂട് ഇങ്ങനെയല്ലല്ലോ...'' ഉണ്ണിക്ക് വീണ്ടും സംശയം '' എല്ലാ പക്ഷികളുടേയും കൂട് ഒരുപോലെയല്ല. ഓരോ ന്നിനും വ്യത്യാസമുണ്ട്. ചേച്ചി ഉണ്ണിക്ക് പറഞ്ഞുകൊടുത്തു.

കൂടുണ്ടാക്കുന്ന രീതിയുടെ അടിസ്ഥാനത്തിൽ പക്ഷികളെ രേഖപ്പെടുത്താമോ?

| മരപ്പൊത്തിൽ കൂടുണ്ടാക്കുന്നവ | മരച്ചില്ലയിൽ കൂടുണ്ടാക്കുന്നവ. | മണ്ണിൽ/മാളത്തിൽ കൂടുണ്ടാക്കുന്നവ | കെട്ടിടങ്ങളിൽ കൂടുണ്ടാക്കുന്നവ |
|---|---|---|---|
| | | | |

**17. പഠനനേട്ടം :പക്ഷികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.**

വയലിൽ കീടങ്ങളെ കൊത്തി തിന്നുകയായിരുന്ന കുഞ്ഞിക്കിളിയെ ഉണ്ണി ക്കുട്ടൻ ഓടിച്ചു വിടുന്നതുകണ്ട്. അപ്പൂപ്പൻ പറഞ്ഞു. 'ഉണ്ണീ വേണ്ട. അത് കീടങ്ങളെ തിന്നോട്ടെ' 'അപ്പോ തത്തേം പ്രാവും വന്നപ്പോ ഓടിച്ചല്ലോ'.. 'അത് നെൽക്കതിർ ഒടിച്ചുകൊണ്ട് പോകുന്നതുകൊണ്ടല്ലേ.' അപ്പൂപ്പൻ പറ

ഞ്ഞു. ഉണ്ണിക്ക് കാര്യം പിടികിട്ടി. നമ്മളെ സഹായിക്കുന്ന പക്ഷികളും ഉണ്ടല്ലോ. പക്ഷികൾ എങ്ങിനെയെല്ലാമാണ് നമ്മളെ സഹായിക്കുന്നതെന്ന് അപ്പൂപ്പൻ ഉണ്ണിക്ക് പറഞ്ഞു കൊടുത്തു. എന്തൊക്കെയാവും അപ്പൂപ്പൻ പറഞ്ഞിട്ടുണ്ടാവുക. എഴുതി നോക്കിയാലോ?

**പക്ഷികളുടെ പ്രാധാന്യം എഴുതുക?**

| പക്ഷികൾ | പ്രാധാന്യം |
|---|---|
| | |

**18. പഠനനേട്ടം : പക്ഷികളുടെ ശാരിരിക പ്രത്യേകൾ തിരിച്ചറിയുന്നു.**

പരുന്തിന്റെ ശാരീരിക പ്രത്യേകതകൾ എഴുതുക.

**19.പഠനനേട്ടം : കേരളത്തിലെ കലാരൂപങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.**

താഴെ തന്നിരിക്കുന്ന സൂചകങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ എഴുതി പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| ---------------- | കല്ല്/ലോഹം/ മണ്ണ് എന്നിവ ഉപയോഗിച്ചുള്ള കലാനിർമ്മിതി |
| -------------- | പുല്ല് പ്രധാന വേഷ വിധാനമായിട്ടുള്ള കലാരൂപം |
| ---------------- | കേരളത്തിന്റെ തനത് കലാരൂപമായ കഥകളിയോട് സാമ്യമുള്ള ഈ കലാരൂപം കാസർഗോഡ് ജില്ലയിൽ പ്രചാരത്തിലുണ്ട്. |

**20.പഠനനേട്ടം: ഭൂമി ഒരു പരിക്രമണത്തിനെടുക്കുന്ന സമയമാണ് ഒരു വർഷം എന്ന് പ്രസ്താവിക്കുന്നു.**

ഒരു തവണ സൂര്യനെ ചുറ്റി സഞ്ചരിക്കാൻ ഭൂമിക്ക് 365 $^1/_4$ ദിവസം വേണം. ഇതാണ് ഒരു വർഷം'' എന്ന് വായിച്ചു റഹീം ഇത് കണ്ടെത്താൻ 2019 ലെ കലണ്ടർ പരിശോധിച്ചു. റഹീമിന് 365 ദിവസങ്ങളേ കണ്ടെത്താനായുള്ളു. സംശയവുമായി ടീച്ചറുടെ അടുത്തെത്തിയ അവന് ടീച്ചർ 2020 ലെ കലണ്ടർ കൊടുത്തു. അതിൽ 366 ദിവസങ്ങൾ ഉണ്ടായിരുന്നു.

തൃപ്തികരമായ ഒരുത്തരം നൽകി നിങ്ങൾക്കവനെ സഹായിക്കാമോ?

**21.പഠനനേട്ടം : ചന്ദ്രന്റെ വൃദ്ധി വിശദീകരിക്കുന്നു, പ്രവചിക്കുന്നു.**

ചന്ദ്രന്റെ വിവിധ രൂപങ്ങളെ ശരിയായ രീതിയിൽ വിന്യസിച്ചു വരയ്ക്കുക.

**22. പഠനനേട്ടം: വിവിധ വാർത്താമാധ്യമങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് തരം തിരിക്കുന്നു**

വർത്താവിനിമയ മാധ്യമങ്ങൾ ഏതെല്ലാമെന്നും ഓരോ വാർത്താ വിനിമയ മാധ്യമത്തിലും ഉപയോഗിച്ചുവരുന്ന ഉപകരണങ്ങൾ ഏതൊക്കെയാണെന്നും പട്ടികപ്പെടുത്തുക.

| വാർത്താവിനിമയ മാധ്യമം | വാർത്താവിനിമയ ഉപകരണങ്ങൾ |
|---|---|
| ഫോൺ സന്ദേശം | |

**23. പഠനനേട്ടം: വിവരവിനിമയ രംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിയുന്നതിന്**

ചുവടെ കൊടുത്തിരിക്കുന്ന വാർത്താവിനിമയ സംവിധാനങ്ങളുടെ പേര് എഴുതുക. അവ നിലവിൽവന്നതനുസരിച്ച് അവയുടെ പേരുകൾ ക്രമപ്പെടുത്തി എഴുതുകയുംചെയ്യുക.

**ടെലിഗ്രാഫ്** | **മൊബൈൽ ഫോൺ** | **കമ്പ്യൂട്ടർ**

**കത്ത്** | **റേഡിയോ**

**24.പഠനനേട്ടം : ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലുള്ള വസ്തുക്കളുടെ പൊതുസ്വഭാവം ലഘു പരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു.**

വായുവിന് ഭാരമുണ്ട് എന്ന് തെളിയിക്കുന്ന ഏതെല്ലാം വസ്തുക്കൾ നിങ്ങൾ തെരഞ്ഞെടുക്കും? പരീക്ഷണകുറിപ്പ് തയ്യാറാക്കൂ..

സാമഗ്രികൾ :30 സെ.മി നീളമുള്ളസ്കെയിൽ, ഐസ് കട്ട ബലൂണുകൾ, സെല്ലോ ടേപ്പ്, കല്ല്,മൊട്ടുസൂചി, സ്ട്രോ, ചരട്, ഗ്ലാസ്

**25. പഠനനേട്ടം. വ്യത്യസ്ത വസ്തുക്കളുടെ വിവിധ രൂപങ്ങൾ മനസ്സിലാക്കുന്നു.**

‘വെള്ളംഞാനൊരു ദ്രാവകമാണേ

നിങ്ങളുടെദാഹംതീർക്കും ഞാൻ

തണുത്തുഞാനങ്ങെസാകും

ഐസാണെന്നുടെ ഖരരൂപം

ചൂടേറ്റാൽ ഞാൻ നീരാവി

നീരാവിയാണെൻ വാതകരുപം’

വെള്ളത്തിന്റെ വിവിധ രൂപങ്ങൾ പരിചയപ്പെട്ടല്ലോ? മൂന്ന് രൂപങ്ങളുടെയും സവിശേഷതകൾ ഉള്ള മൂന്ന് കൂട്ടുകാരെക്കൂടി കണ്ടെത്താമോ?

**26.പഠനനേട്ടം: ഭൂപടങ്ങളിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തുക.**

a. കേരളത്തിന്റെ ഭൂപടത്തിൽ വിമാനത്താവളം തുറമുഖം, പക്ഷി സങ്കേതം


ഇവ പൊതുവായി അംഗീകരിച്ച ചിഹ്നങ്ങൾ (സൂചിക) ഉപയോഗിച്ച്

രേഖപ്പെടുത്തുക

b. തിരുവനന്തപുരത്തുനിന്നും കാസർഗോഡിലേക്ക് ജലമാർഗം
യാത്രചെയ്താൽ ഏതെല്ലാം ജില്ലകളുടെ തീരങ്ങളിലൂടെകടന്നുപോകും?

c. പ്രസിഡന്റ്സ് കളർ അവാർഡ് നേടിയ ഏഴിമല
നാവിക അക്കാദമി കേരളത്തിലെ ഏത് ജില്ലയിലാണ് ?

**27.പഠനനേട്ടം: പഞ്ചായത്ത് ഭൂപടംവായിച്ച് പഞ്ചായത്തിലെ വിഭവങ്ങൾ പട്ടികപ്പെടുത്തുന്നു.**




a. തോന്നയ്ക്കൽ പഞ്ചായത്തിന്റെ രേഖാചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.ഈ പഞ്ചായത്തിൽ ഒരുഹെൽത്ത് സെന്റർ സ്ഥാപിക്കുകയാണെങ്കിൽ ഏതു വാർഡിൽ സ്ഥാപിക്കണം എന്നാണ് നിങ്ങൾ പറയുന്നത് ? എന്തുകൊണ്ട് ? എന്തൊക്കെ വിഭവങ്ങൾകൂടി ഈ വാർഡിൽ ഉൾപ്പെടുത്താം.

b. 5–ാം വാർഡിൽ എത്തിയ ഒരു യാത്രക്കാരൻ 6–ാം വാർഡിലേക്ക് പോകുവാൻ ഏത്ദിശയിൽ സഞ്ചരിക്കണം?

**28. പഠനനേട്ടം : ഓരോ സംസ്ഥാനത്തും തനത് കലാരൂപങ്ങൾ നിലനിൽ ക്കുന്നുവെന്ന് വിശദീകരിക്കുന്നു.**

കൊട്ടിയം ആർട്സ് സ്കൂളിലെ വിദ്യാർത്ഥികൾ ഇന്ത്യൻ കലകളെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി ചില സംസ്ഥാനങ്ങൾ സന്ദർശിച്ചു. അവർ സന്ദർശിച്ച സംസ്ഥാനങ്ങൾ താഴെ ചേർക്കുന്നു. ഏതെല്ലാം കാലാരൂപങ്ങളായിരിക്കും അവർ കണ്ടിട്ടുണ്ടാവുക. പട്ടിക പൂർത്തിയാക്കാമോ?

| **സംസ്ഥാനങ്ങൾ** | **കലകൾ** |
|---|---|
| ആസാം | |
| ആന്ധ്രാപ്രദേശ് | |
| ഉത്തർപ്രദേശ് | |
| മഹാരാഷ്ട്ര | |
| കർണാടകം | |
| കേരളം | |
| ഗുജറാത്ത് | |
| തമിഴ്നാട് | |

**29. പഠനനേട്ടം: 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണപ്രദേശങ്ങളുംകണ്ടെത്തി പട്ടികപ്പെടുത്തുക**

a. മഹാരാഷ്ട്രയുടെ അയൽ സംസ്ഥാനമല്ലാത്തത്ഏത്?

(ഗുജറാത്ത് രാജസ്ഥാൻ, ഗോവ, മദ്ധ്യപ്രദേശ്, കർണ്ണാടക)

b. മഹാരാഷ്ട്രയുടെ അയൽ സംസ്ഥാനങ്ങൾ ഏതെല്ലാമാണ് ?

**30. പഠനനേട്ടം: ഇന്ത്യയിൽ വിവിധ ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തി പറയുന്നു.**

വിവിധ സംസ്ഥാനങ്ങളിൽ നിന്നും വന്ന കായിക താരങ്ങളുടെ ക്യാമ്പിൽ പരസ്പരം പരിചയപ്പെടുത്താൻ ആവശ്യപ്പെട്ടു. അവർ അവരവരുടെ പേരും സംസ്ഥാനവും തല സ്ഥാനവും പരിചയപ്പെടുത്തി. അതിൽ രണ്ട് താരങ്ങൾക്ക് ഒരേ തലസ്ഥാനമായിരുന്നു. എങ്കിൽ അവർ രണ്ടുപേരും ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് വന്നത് ?

**31. പഠനനേട്ടം: ഓരോ സംസ്ഥാനത്തും തനത് കലാരൂപങ്ങൾ ഉണ്ടെന്ന് വിശദീകരിക്കുന്നു.**

അമ്പലത്തിൽ ഉത്സവത്തിന് പോയ രവി കഥകളി കാണാൻ ഇടയായി. സ്റ്റേജിൽ കണ്ട കലാരൂപം ഏതാണെന്ന് രവി അച്ഛനോട് ചോദിച്ചു. കഥകളിയെക്കുറിച്ച് അച്ഛൻ അവന് പറഞ്ഞുകൊടുത്തു. കേരളത്തിന്റെ തനത് കലാരൂപമാണ് കഥകളിയെന്നും ഓരോ സംസ്ഥാനങ്ങൾക്കും തനത് കലാരൂപങ്ങൾ ഉണ്ടെന്നും അച്ഛൻ രവിയോട് പറഞ്ഞു.

a). താഴെകൊടുത്തിരിക്കുന്ന സംസ്ഥാനങ്ങളുടെ തനത് കലാരൂപം ഏതാണെന്ന് എഴുതാമോ?

| **സംസ്ഥാനം** | **കലാരൂപം** |
|---|---|
| * തമിഴ്നാട്<br>* ഗുജറാത്ത്<br>* പഞ്ചാബ്<br>* നാഗാലാന്റ്<br>* മണിപ്പൂർ | |

b). നിരവധി കലാരൂപങ്ങളെക്കുറിച്ച് രവിയുടെ അച്ഛൻ അവന് പറഞ്ഞുകൊടുത്തു. ചുവടെ കൊടുത്തിരിക്കുന്ന കലാരൂപങ്ങൾ ഏത് സംസ്ഥാനത്തിന്റെ തനത് കലാരൂപമാണെന്ന് എഴുതുക.

| **കലാരൂപം** | **സംസ്ഥാനം** |
|---|---|
| * തമാഷ<br>*വങ്കാലനൃത്തം<br>*റിയാങ്<br>*ജറ്റ്ജതിൻ<br>*കുലുദസറ | |

**32. പഠനനേട്ടം :ഇന്ത്യയിൽ വിവിധ ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.**

അമ്മു സ്കൂൾ അവധിക്ക് ആസാമിലുള്ള അവളുടെ അമ്മ വീട്ടിൽ പോയി. അമ്മാവന് അവിടെയാണ് ജോലി. നാടുചുറ്റിക്കാണാൻ അമ്മാവന്റെ കൂടെ

ഇറങ്ങിയ അവൾക്ക് ആ നാട്ടുകാർ പറയുന്നതൊന്നും മനസ്സിലായില്ല. 'ഇവരൊക്കെ എന്താണ് ഈ പറയുന്നത്?' അമ്മുചോദിച്ചു. അവരുടെ സംസാരം 'അസാമീസ്' ഭാഷയിലാണെന്ന് അമ്മാവൻ അവൾക്ക് പറഞ്ഞു കൊടുത്തു.

a). താഴെ കൊടുത്തിരിക്കുന്ന ഭാഷകൾ ഏത് സംസ്ഥാനത്തെയാണെന്ന് നിങ്ങൾക്ക് അറിയാമോ?

| **ഭാഷകൾ** | **സംസ്ഥാനം** |
|---|---|
| ഒഡിയ | കേരളം |
| കന്നഡ | ഗോവ |
| കൊങ്കിണി | മഹാരാഷ്ട്ര |
| ഗുജറാത്തി | പഞ്ചാബ് |
| മറാഠി | ഗുജറാത്ത് |
| | കർണ്ണാടക |
| | ഒഡിഷ |

b)ഇംഗ്ലീഷ് ഔദ്യോഗിക ഭാഷ ആയിട്ടുള്ള ഇന്ത്യൻ സംസ്ഥാനങ്ങൾ ഏതൊക്കെ?

**33. പഠനനേട്ടം :ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമശുശ്രൂഷകൾ നൽകണമെന്ന് തിരിച്ചറിയുന്നു.**

വണ്ണപ്പുറം എ.സി.പി സ്കൂളിൽ സ്കൂളിൽ കായിക മത്സരമാണിന്ന്. കൃത്യം 10 മണിയായപ്പോൾ മത്സരം തുടങ്ങി. ആദ്യത്തെ മത്സരയിനം നൂറു മീറ്റർ ഓട്ടമാണ്. ആ സ്കൂളിലേക്ക് അച്ഛന് സ്ഥലം മാറ്റം കിട്ടിയതിനെ തുടർന്ന് പുതിയതായി ചേർന്ന കുട്ടിയാണ് അനു. കൽപ്രദേശങ്ങളിൽ ഓടി ശീലമില്ല. എങ്കിലും ഓട്ടത്തിൽ പങ്കെടുത്തു കുറച്ചുദൂരം പോയപ്പോൾ വീണു. നെറ്റിയിൽ ആഴത്തിലുള്ള മുറിവുണ്ടായി എങ്കിലും പെട്ടെന്ന് പ്രഥമ ശുശ്രൂഷ നൽകി. ആശുപത്രിയിൽ എത്തിക്കുന്നതിനു മുൻപ് അനുവിന് എന്തെല്ലാം പ്രഥമശുശ്രൂഷ നൽകിയിട്ടുണ്ടാവും?

**34. പഠനനേട്ടം :ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമശുശ്രൂഷകൾ നൽകണമെന്ന് തിരിച്ചറിയുന്നു.**

സനുവിനെ സ്കൂളിൽ വിട്ടുകഴിഞ്ഞശേഷം ജോലിക്കുപോകാനുള്ള തയ്യാറെടുപ്പിലായിരുന്നു അമ്മ. സമയം വളരെ വല്ലാതെ വൈകിയിരുന്നു. അമ്മൂമ്മയ്ക്ക് കുളിക്കാനുള്ള ചൂടുവെള്ളം എടുത്തുവെയ്ക്കുന്നതിനിടയ്ക്ക് പെട്ടെന്നത് മറിഞ്ഞ് ദേഹത്തേക്ക് വീണു. അനുവിന്റെ ചേട്ടൻ വന്ന് വേണ്ട പ്രഥമശുശ്രൂഷനൽകി.

a). എന്തെല്ലാമായിരിക്കും ചെയ്തിട്ടുണ്ടാവുക?

b). വസ്ത്രങ്ങൾക്കു തീ പിടിച്ചാൽ എന്തുചെയ്യുമായിരുന്നു?

## അധിക വായനയ്ക്ക്

**കുട്ടികൾ തനിയെ വായിച്ച് ആശയഗ്രഹണം നടത്തുന്നതിനുള്ള സാമഗ്രികളാണ് അധികവായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.വായിച്ചതിന്റെ ആശയഗ്രഹണവുമായി ബന്ധപ്പെട്ട് ചോദ്യോത്തരപ്പയറ്റ് കുട്ടികൾ തന്നെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തുക._( ആശയഗ്രഹണത്തിനായി അധ്യാപകർ ഇടപെടേണ്ടതില്ല.)**

### 1.ഇന്ത്യ

വൈവിധ്യങ്ങളുടെ നാടാണ്ഇന്ത്യ. ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണപ്രദേശങ്ങളും ഒരു രാജ്യതലസ്ഥാന പ്രദേശവുമുണ്ട്. ഇവിടെ 22 ഔദ്യോഗിക ഭാഷയിൽ ഏറ്റവുംകൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ ഹിന്ദിയാണ്. തമിഴ്, സംസ്കൃതം, കന്നഡ, തെലുങ്ക്, മലയാളം, ഓഡിയ എന്നിവയുൾപ്പെടുന്നു. 6 ഭാഷകൾക്കാണ് ശ്രേഷ്ഠഭാഷ പദവി ലഭിച്ചിരിക്കുന്നത്. ഓരോ സംസ്ഥാനങ്ങൾക്കും തനതു കലാരൂപങ്ങളുണ്ട്. വിവിധ ഭാഷകൾവസ്ത്രധാരണരീതിയിലുള്ള വ്യത്യസം, വിവിധ കലാരൂപങ്ങൾ എന്നിവയിൽ ഇന്ത്യ

വൈവിധ്യങ്ങളുടെ നാടായി മാറിയിരിക്കുന്നു.നമ്മുടെ ദേശീയഗാനമായ‘‘ ജനഗണമന’’ രചിച്ചത് രവീന്ദ്രനാഥടാഗോറാണ് . ഇത് ആലപിക്കാൻ 52 സെക്കന്റ് എടുക്കുന്നു. നമ്മുടെ ദേശീയഗീതമായ ‘‘ വന്ദേമാതരം..’’രചിച്ചത് ബക്കിംചന്ദ്രചാറ്റർജിയാണ്. നമ്മുടെ ദേശീയ പതാക രൂപകൽപ്പന ചെയ്തത് പിംഗലി വെങ്കയ്യയാണ്.

നമ്മുടെ ദേശീയമുദ്ര നാലുസിംഹങ്ങളും ആന, കുതിര, കാള എന്നീ രൂപങ്ങളുമുണ്ട്.

| | | |
|---|---|---|
| ദേശീയമൃഗം | – | കടുവ |
| ദേശീയ പക്ഷി | – | മയിൽ |
| ദേശീയവൃക്ഷം | – | അരയാൽ |
| ദേശീയ പുഷ്പം | – | താമര |
| ദേശീയ ഫലം | – | മാങ്ങ |
| ദേശീയവിനോദം | – | ഹോക്കി |
| ദേശീയ നദി | – | ഗംഗ |
| ദേശീയജലജീവി | – | ഗംഗാ ഡോൾഫിൻ |
| ദേശീയകലണ്ടർ | – | ശകവർഷകലണ്ടർ |
| ദേശീയപൈതൃകമൃഗം | – | ആന |

**2. പഴയകാലസന്ദേശവാഹകർ**

**പെരുമ്പറ** :പണ്ട് ജനങ്ങൾക്കിടയിൽ സന്ദേശങ്ങൾ കൈമാറാൻ പെരുമ്പറ പ്രത്യേക രീതിയിൽ മുഴക്കുമായിരുന്നു. വ്യത്യസ്ത സന്ദേശങ്ങൾ കൈമാറാൻ വിവിധ രീതിയിൽ പെരുമ്പറ മുഴക്കിയിരുന്നു. കൂടാതെ രാജാക്കന്മാരുടെ ഉത്തരവുകൾ ജനങ്ങളിലെത്താൻ ഭടന്മാർ പെരുമ്പറ മുഴക്കി ആളുകളുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു.

**ദൂതൻ** :രാജാക്കന്മാർസന്ദേശങ്ങൾകൈമാറുന്നതിന് ഓല ചെമ്പുതകിട്, പട്ടുതുണിതുടങ്ങിയവയിൽ വിവരങ്ങൾകുറിച്ച് ദൂതൻ വശംകൊടുത്ത് വിടുന്ന രീതി സ്വീകരിച്ചിരുന്നു.

**അഞ്ചലോട്ടക്കാരൻ:** കത്തുകൾ മേൽവിലാസക്കാരന് എത്തിക്കുന്നതിനായി മണികിലുക്കി തപാൽ ജീവനക്കാരനാണ് അഞ്ചലോട്ടക്കാരൻ.

**3. ഉപ്പ് സത്യാഗ്രഹം**

ഉപ്പ് എല്ലാവർക്കും ആവശ്യമാണല്ലോ – നമ്മുടെ കടൽത്തീരത്തു നിന്നും ഉപ്പ് എടുക്കുന്നതിന് ബ്രിട്ടീഷുകാർ നികുതി ഏർപ്പെടുത്തി. നികുതി കൊടുക്കാതെ ഉപ്പ് കുറുക്കിയാൽ ജയിൽ ശിക്ഷ അതായിരുന്നു നിയമം. നിയമം ലംഘിക്കുമെന്ന് ഗാന്ധിജി മുന്നറിയിപ്പ് നൽകി ഗാന്ധിജിയും 73 അനുയായികളും സബർമതി ആശ്രമത്തിൽ നിന്നും കാൽനടയായി 389 കി.മീ ദൂരം നടന്ന് ദണ്ഡികടപ്പുറത്തെത്തി ജനങ്ങൾ നോക്കി നിൽക്കെ ഒരുപിടി ഉപ്പുവാരിയെടുത്ത് ഉയർത്തി പിടിച്ചുകൊണ്ട് പറഞ്ഞു. 'ഉപ്പുപിടിച്ച ഈ മുഷ്ടി തകർത്തേക്കാം എന്നാലും ഈ ഉപ്പു വിട്ടുകൊടുക്കില്ല.' ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ കേരളത്തിലും നടന്നിട്ടുണ്ട്.

**4. കണ്ടൽക്കാടുകൾ – വായനാസാമഗ്രി**

കേരളം 44 നദികളാൽ സമ്പന്നമാണ് കാലവർഷവും തുലാവർഷവും കേരളത്തിലെ നദികളെ സമ്പന്നമാക്കുന്നു. ജൂൺമുതൽ ഒക്ടോബർവരെ കേരളത്തിൽ പരക്കെ മഴ ലഭിക്കുന്ന സാഹചര്യവുമാണ് നിലവിലുള്ളത്. എന്നാൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി വേനൽമഴയിലും കാലവർഷത്തിലും ഏറ്റക്കുറച്ചിലുകളുണ്ടാവുന്നു. 2018ലും 19 ലും കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പ്രളയത്തിലൂടെ കടന്നുപോയി. ഇതിനുകാരണം ശാസ്ത്രീയമായ സ്ഥലജല മാനേജ്മെന്റിന്റെ അഭാവമാണ്.

2004 ൽ ലോകത്തെ മുഴുവൻ പിടിച്ചുകുലുക്കിയ സുനാമിയും മറ്റ് വ്യത്യസ്ത തരത്തിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും കേരളവും നേരിടുകയുണ്ടായി. ഈ സാഹചര്യങ്ങളിലെല്ലാം, ചില പ്രത്യേക സ്ഥലങ്ങളെ വെള്ളപ്പൊക്കമോ സുനാമിയെ ബാധിക്കാതെ നിലനിർത്താൻ കഴിഞ്ഞു. ഇതിൽ മുൻപന്തിയിൽ നിന്നത് കണ്ണൂർജില്ലയാണ്. ജില്ലയുടെ തീരപ്രദേശങ്ങടക്കമുള്ള സ്ഥലങ്ങൾ സുരക്ഷിതമായി നില

നിർത്താൻ സഹായിച്ചതും ജില്ലയുടെ പരിസ്ഥിതി സംരക്ഷകനായി പ്രവർത്തിച്ച കല്ലേൻ പൊക്കുടൻ അടക്കമുള്ള ആളുകളുടെ ഇടപെടലുകളാണ് . ജില്ലയുടെ തീരദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുകയും അവ സംരക്ഷിക്കുക അവ സംരക്ഷിക്കുകയും ചെയ്തുകൊണ്ട് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമായിരുന്നു.

കണ്ടൽച്ചെടികളുടെ പ്രാധാന്യം എന്തെന്ന് തിരിച്ചറിഞ്ഞ നിരവധി പരിസ്ഥിതിസ്നേഹികൾ കല്ലേൻ പൊക്കുടന് പിന്തുണനൽകിയതും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞതുമാണ് ഇത്തരം പ്രവർത്തനങ്ങൾ വിജയിക്കാനും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാനും ഇടയായത്.

**5. ചന്ദ്രൻ**

ഭൂമിയുടെ ഓരേ ഒരു പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ. ഭൂമിയിൽ നിന്ന് ശാരാശരി 384403 കി.മീ ദൂരെയാണ് ചന്ദ്രൻ സ്ഥിതിചെയ്യുന്നത്. ഭൂമിക്കുചുറ്റും ഒരു തവണ പ്രദക്ഷിണം ചെയ്യാൻ ചന്ദ്രന് 27.3 ദിവസങ്ങൾ വേണം. ചന്ദ്രന്റെ ഉപരിതലത്തിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യപ്രകാശം ഭൂമിയിലെത്താൻ ഏകദേശം 1.3 സെക്കന്റ് എടുക്കും. (സൂര്യപ്രകാശം ഭൂമിയിലെത്താൻ ഏകദേശം 8 മിനിറ്റും 19 സെക്കന്റും വേണം) ആദ്യമായി ചന്ദ്രോപരിതലം സ്പർശിച്ച മനുഷ്യൻ നിർമ്മിച്ച വസ്തു ലൂണ–2. ആണ്. 1959 ൽ ഈ വാഹനം ചന്ദ്രോപരിതലത്തിൽ വന്നിടിച്ച് തകരുകയായിരുന്നു. ഇതേ വർഷം തന്നെ ലൂണ–3 ഭൂമിക്ക് അഭിമുഖമല്ലാത്ത (ഭൂമിയിൽ നിന്ന് നോക്കിയാൽ ചന്ദ്രന്റെ 59% ശതമാനം മാത്രമേ കാണാൻ കഴിയൂ. മറുവശത്തിന്റെ ചിത്രം എടുത്തു. വിജയകരവും അപകടരഹിതവുമായി ചന്ദ്രോപരിതലത്തിൽ ഇറങ്ങിയ വാഹനം എന്ന ബഹുമതി 1966 ൽ ചന്ദ്രനിൽ ഇറങ്ങിയ ലൂണ –9 ആണ്.

മനുഷ്യനെ വഹിച്ചുകൊണ്ടുള്ള ആദ്യ ചന്ദ്രയാത്ര അപ്പോളോ 8 ആണ്. മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത് 1969 ൽ അപ്പോളോ –11 ആണ്.ഭൂമിക്കു പുറത്ത് മനുഷ്യൻ ചെന്നെത്തിയിട്ടുള്ള ഒരേഒരു ശൂന്യാകാശഗോളവും ചന്ദ്രൻ തന്നെ. ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്ന അതേ സമയദൈർഘ്യം കൊണ്ടുതന്നെയാണ് ചന്ദ്രൻ അതിന്റെ അച്ചുതണ്ടിൽ ഭ്രമണം ചെയ്യുന്നതും. അതിനാൽ ഭൂമിയിൽ നിന്ന് വീക്ഷിക്കുമ്പോൾ എല്ലായ്പ്പോഴും ഒരു വശം മാത്രമേ കാണുന്നുള്ളു. അപ്പോളോ പരമ്പരയിലെ ആറ് വിക്ഷേപണങ്ങളിൽ നിന്നായി 12 പേർ ചന്ദ്രനിൽ ഇറങ്ങിയിട്ടുണ്ട് ഇതുവരെ.

## 6. ജൈവവൈവിധ്യം

ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസവ്യവസ്ഥയിൽ എത്രതരം ജീവരൂപങ്ങൾ കാണപ്പെടുന്നു എന്നതാണ് ജൈവവൈവിധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരുപ്രത്യേക ഭൗമ–കാലാവസ്ഥാ വ്യവസ്ഥയിലോ ഭൂമിയിലെആകെയോ ജീവജാലങ്ങളുടെ വൈവിധ്യവും ഇതുകൊണ്ട് അർത്ഥമാക്കപ്പെടുന്നുണ്ട്. സർവ്വജീവജാലങ്ങളും അടങ്ങിയതാണ് ജൈവവൈവിധ്യം. എല്ലാജീവജാലങ്ങളും അവയുടെ ആവാസവ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. കൂടുതൽ ജൈവവൈവിധ്യമുണ്ടെങ്കിൽ ആവാസവ്യവസ്ഥ കൂടുതൽ ആരോഗ്യമുള്ളതായി കണക്കാക്കപ്പെടുന്നു. ദ്രുതഗതിയിലുള്ള പാരിസ്ഥികമാറ്റം വംശനാശത്തിനും ജൈവവൈവിധ്യത്തിന്റെ ശോഷണത്തിനും കാരണമാകുന്നു. മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ നിലനില്പ് ഈ ജൈവവൈവിധ്യത്തെ ആശ്രയിച്ചിരിക്കുന്നു.

ലോകത്ത് 34,000സസ്യങ്ങളും 5200 ജന്തുജാലങ്ങളും വംശ നാശഭീഷണി നേരിട്ടുവെന്നാണ് കണക്ക്. പക്ഷികളുടെ എണ്ണത്തിൽ എട്ടിലൊന്ന് കുറവുണ്ടാകുന്നതായും പഠനങ്ങൾ പറയുന്നു. ഇതിൽ ഏകദേശം മുഴുവൻ ഭാഗം ജീവജാലങ്ങളും മനുഷ്യന്റെ ഇടപെടലുകൾ കൊണ്ടാണ് വംശനാശം സംഭവിച്ചത്. ഡോഡോ പക്ഷി, പിന്റോ, ആമ തുടങ്ങിയവ വംശനാശം സംഭവിച്ച ജീവികളിൽ ചിലതാണ്.

## 7.കേരളം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറേ അറ്റത്തുള്ള സംസ്ഥാനമാണ് കേരളം. കിഴക്ക് തമിഴ്നാട് വടക്ക് കർണ്ണാടകം എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബിക്കടലും ആണ് കേരളത്തിന്റെ അതിർത്തികൾ. മലയാളമാണ് ഇവിടത്തെ ഭാഷകേരള സംസ്ഥാനത്തിന്റെ ഔദ്യോഗികമൃഗം–ആന,പക്ഷി–മലമുഴക്കി വേഴാമ്പൽ, പുഷ്പം–കണിക്കൊന്ന, വൃക്ഷം–തെങ്ങ് ,ഫലം–ചക്ക, മത്സ്യം–കരിമീൻ, പാനീയം–ഇളനീർ, ശലഭം–ബുദ്ധമയൂരി എന്നിവയാണ്.കേരളം ഇന്ന് ഇന്ത്യയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി വളർന്നിരിക്കുകയാണ്. മലയോരങ്ങളും വനസ്ഥലികളും തീർത്ഥാടന കേന്ദ്രങ്ങളുമായി സഞ്ചാരികൾക്ക് പ്രിയങ്കരമായ ഒട്ടേറെ സ്ഥലങ്ങൾ കേരളത്തിൽ ഉടനീളമുണ്ട് .മൂന്നാർ, നെല്ലിയാമ്പതി, പൊന്മുടി, തുടങ്ങിയ മലയോര കേന്ദ്രങ്ങളും കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലയിലെ കായൽ മേഖലയും ഫോർട്ട്കൊച്ചി, കോവളം, വർക്കല ,ചെറായി ബീച്ചുകളും, പെരിയാർ, ഇരവികുളം,

സൈലന്റ്വാലി വന്യജീവി സങ്കേതങ്ങളും തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, വാഴച്ചാൽ, വെള്ളച്ചാട്ടങ്ങളും വാസ്കോഡഗാമ കപ്പലിറങ്ങിയ കോഴിക്കോട്ടെ കാപ്പാട്ബീച്ചും വിനോദസഞ്ചാരികളുടെ ആകർഷണകേന്ദ്രങ്ങളാണ്.

44 നദികൾഉണ്ട് കേരളത്തിൽ. അവയിൽ 41 എണ്ണം പടിഞ്ഞാറോട്ട്ഒഴുകുന്നു. 3 എണ്ണം കിഴക്കോട്ടും കബനി നദി, ഭവാനിപ്പുഴ, പാമ്പാർ എന്നിവയാണ് കിഴക്കോട്ട്ഒഴുകുന്ന നദികൾ. ഏറ്റവും നീളംകൂടിയ നദി പെരിയാറും ഏറ്റവും നീളംകുറഞ്ഞ നദി മഞ്ചേശ്വരം പുഴയുമാണ്. കേരളത്തിലെ ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്ന ജില്ല കാസർഗോഡ് ആണ്. സിംഹവാലൻ കുരങ്ങുകൾക്ക് പ്രസിദ്ധമായ സൈലന്റ്വാലിയിലൂടെ ഒഴുകുന്ന നദിയാണ് കുന്തിപ്പുഴ.കപ്പലുകൾക്കും മറ്റ് നൗകകൾക്കും പ്രക്ഷുബ്ധമായ കടലിൽ നിന്നും സംരക്ഷണ മേകിക്കൊണ്ട് നിർത്തിയിടാനും യാത്രക്കാരുടേയും ചരക്കുകളുടേയും കയറ്റിറക്കം നടത്താനുമുള്ള ജലാശയഭാഗങ്ങളെയാണ് തുറമുഖങ്ങൾ എന്ന് പറയുന്നത്. തുറമുഖങ്ങൾ പ്രകൃതിദത്തമായി ഉള്ള കൃത്രിമമായി നിർമ്മിച്ചവയോ ആകാം. കേരളത്തിലെ ഏറ്റവും പ്രധാനമായ കൊച്ചിതുറമുഖമായ കൊച്ചിഒരു പ്രകൃതിദത്ത തുറമുഖമാണ്. കേരളത്തിലെ വിഴിഞ്ഞം തുറമുഖവും ഒരു പ്രകൃതിദത്ത തുറമുഖമാണ്. തിരുവനന്തപുരം അന്താരാഷ്ടവിമാനത്താവളം, കൊച്ചിവിമാനത്താവളം,കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം,(നെടുമ്പാശ്ശേരി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം (കരിപ്പൂർ), കണ്ണൂർഡക്ത അന്താരാഷ്ട്ര വിമാനത്താവളം,എന്നിവയാണ് കേരളത്തിലെ വിമാനത്താവളങ്ങൾ.

## 8.വനങ്ങൾ

കേരളത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 29.1% അതായത് 11,3095സ്വകയർ കി.മീ. വനമേഖലയാണ്. ഈ വനമേഖലയെ സംരക്ഷിതവനം, നിർദ്ദിഷ്ട സംരക്ഷിത വനം ,നിർദ്ദിഷ്ട നിക്ഷിപ്ത വനം,പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.കേരളത്തിലെ ആദ്യത്തെ റിസർവ്വ് വനമാണ് കോന്നി. ജൈവവൈവിധ്യംകൊണ്ട് ശ്രദ്ധേയമാണ് കേരളത്തിലെ നിത്യഹരിതവനങ്ങൾ. ഇടതൂർന്ന നിത്യഹരിതവനങ്ങൾ ഭൂമിക്കു മുകളിൽ ഒര ുആവരണം പോലെ നിലകൊള്ളുന്നതിനാൽ വേനൽക്കാലങ്ങളിൽ ബാഷ്പീകരത്തിന്റെ തോത് നന്നെ കുറയ്ക്കുകയും മണ്ണിലെ ഈർപ്പത്തെ നിലനിർത്തുകയുംചെയ്യുന്നു. കൂടാതെ മണ്ണിന്റെ ജലസംഗ്രഹണ സാധ്യതയും ഇവിടെ കൂടുതലാണ്.

മഴക്കാടുകളാണ് ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങൾ. ഇതിൽത്തന്നെ ആമസോൺ, ഏഷ്യയിലേയും ആഫ്രിക്കയിലേയും കാടുകളേക്കാൾ ഉയർന്ന ജൈവവൈവിധ്യംഉള്ളതാണ്. ഈ കാടുകളിൽ മറ്റെവിടെയുമുള്ള ജീവജാലങ്ങളേക്കാൾ ജീവികൾ അടങ്ങിയിരിക്കുന്നു. അറിയപ്പെടുന്ന സസ്യജലങ്ങളിൽപത്തിലൊന്നും ഇവിടെയാണുള്ളത്. അതായത് ലോകത്തേറ്റവുംജന്തുസസ്യജാലങ്ങൾ ഉള്ള സ്ഥലമാണ്. ആമസോൺ മഴക്കാടുകൾ. തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശത്ത് പടർന്നു കിടക്കുന്ന വനപ്രദേശമാണ് ആമസോൺ മഴക്കാടുകൾ. ബ്രസീൽ, പെറു, കൊളംബിയ, വെനിസ്വേല, ഇക്വഡോർ, ബൊളീവിയ, ഗയാന, സുരിനാം, ഫ്രഞ്ച് ഗയാന എന്നീ 9 രാജ്യങ്ങളിലായി 55 ലക്ഷം സ്വക്വയർ.കീ.മീ (അതായത്കേരളത്തിന്റെ 138 ഇരട്ടി) ആമസോൺ മഴക്കാടുകൾസ്ഥിതിചെയ്യുന്നു.

**9.പ്രഥമ ശുശ്രൂഷ**

ഒരു അപകടം നടന്നാലുടൻ ആദ്യമായി സംഭവസ്ഥലത്തുന്നയാൾ ചെയ്യേണ്ടിവരുന്ന പ്രാഥമിക കർത്തവ്യങ്ങളെയാണ് പ്രഥമശുശ്രൂഷ എന്ന് പറയുന്നത്. അപകടത്തിൽപ്പെട്ടയാളെ ആശുപത്രിയിലോ,ഡോക്ടറുടെ അടുക്കലോ എത്തിക്കുന്നതിനിടയിലുള്ള സമയത്താണ് സാധാരണ പ്രഥമശുശ്രൂഷ നൽകാറുള്ളത്. പ്രഥ ശുശ്രൂഷ ചെയ്യാൻ പ്രത്യേക ബിരുദങ്ങളോ മറ്റോ ആവശ്യമില്ല. അപകടത്തിൽ പെട്ട വ്യക്തിയുടെ തൊട്ടടുത്തുള്ള ആളുകളാണ് പ്രഥമശുശ്രൂഷ നൽകുന്നത്. ഒരാളുടെ ആരോഗ്യത്തിന്റെ നില അപകടമാകാവുന്ന ഏതു സന്ദർഭത്തിലും പ്രഥമശുശ്രൂഷ വേണ്ടി വന്നേക്കാം.

**പ്രഥമ ശുശ്രൂഷയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.**

1.ജീവൻ നിലനിർത്തുക : ഏറ്റവും പ്രധാനപ്പെട്ടതും മറ്റെന്തിനേക്കാൾ ആദ്യം പരിഗണിക്കപ്പെടേതുമായ ലക്ഷ്യം ജീവൻ നിലനിർത്തുക എന്നതാണ്.

2.അവസ്ഥമോശമാകാതിരിക്കുക : അപകടത്തിൽപെട്ടയാളുടെ അവസ്ഥ മറ്റു കാരണങ്ങൾ മൂലം മോശമാവാതിരിക്കുക

3.ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക : പ്രാഥമിക ശുശ്രൂഷ അസുഖത്തിൽ നിന്നോ അപകടവാസ്ഥയിൽ നിന്നോ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കേതുമാണ്.അപകടത്തിൽപ്പെട്ടയാളെ ആശ്വസിപ്പിക്കുക, ധൈര്യം നൽകുക,

പരിക്കിന്റെ തീവ്രത കുറയ്ക്കുക, വൈദ്യസഹായം ലഭിക്കുന്നതു വരെ പരിചരണം നൽകുക എന്നിവയാണ് പ്രഥമശുശ്രൂഷകന്റെ കടമകൾ

**സാധാരണ ഉണ്ടാകുന്ന അപടകങ്ങൾക്കും അവയ്ക്കോരോന്നിനും നൽകാവുന്ന പ്രഥമശുശ്രൂഷകളും**

**മൂക്കിൽ നിന്ന് രക്തം വന്നാൽ**

കുട്ടികളിൽ സാധാരണയായി കാണുന്ന ഒരു അവസ്ഥയാണിത്. ചില കുട്ടികൾ പെൻസിൽ, റബർ , ഈർക്കിൽ കഷ്ണങ്ങൾ എന്നിവ മൂക്കിൽ കടത്താറുള്ളത്. അത്തരം സന്ദർഭങ്ങളിൽ മൂക്കിൽ നിന്നും രക്തം വരാറുണ്ട്. കുട്ടികൾ ഭയന്നുപോകാൻ സാധ്യതയുണ്ട്. അതിനാൽ അത്തരം സന്ദർഭങ്ങളിൽ മനസാന്നിധ്യം കൈവിടാതിരിക്കാൻ ശ്രദ്ധിക്കണം. മൂക്കിൽനിന്ന് രക്തം വരുമ്പോൾ മുന്നോട്ട് ചായിച്ച് ഇരുത്തിയാൽ ശ്വാസനാളത്തിലേക്ക് രക്തം കടക്കുന്ന സാഹചര്യം ഒഴിവാക്കാം. രക്തം കട്ടപിടിക്കാനും കൂടുതൽ രക്തം നഷ്ടപ്പെടാതിരിക്കാനും മൂക്കിന്റെ അഗ്രഭാഗം അമർത്തിപ്പിടിക്കുന്നത് സാഹായമാകും.മൂക്കിലെ കോശങ്ങൾക്കും കലകൾക്കും കൂടുതൽ അനക്കം തട്ടാതിരിക്കാൻ ശ്രദ്ധിക്കണം. അതിനാൽ വായിലൂടെ ശ്വസിക്കാനും സംസാരിക്കാതിരിക്കാനും നിർദ്ദേശിക്കണം.

**കണ്ണിൽപൊടിവീണാൽ**

കണ്ണചന്റ പൊടി വീഴുന്നത് സാധാരണമാണ്. ഇത്തരം സന്ദർഭങ്ങളിൽ മിക്കകുട്ടികളും കണ്ണ് ശക്തമായി തിരുമ്മുകയാണ് ചെയ്യുന്നത്. ഇത് ഒഴിവാക്കണം. ശുദ്ധജലം കണ്ണിൽ ധാരയായി ഒഴിച്ചും വൃത്തിയുള്ള നനഞ്ഞ തൂവാലയുടെയോ മറ്റോ അറ്റം കൊണ്ടും പൊടി എടുക്കണം

**ഉളുക്ക്**

അസ്ഥിസന്ധിയിലെ സ്നായുക്കൾ വലിയുകയോ, പൊട്ടുകയോ ചെയ്യുന്നതുകൊണ്ടാണ് ഉളുക്ക് ഉണ്ടാവുന്നത്. വീഴുകയോ കടപ്പമുള്ള വസ്തുക്കളിൽ തട്ടുകയോ കൈകാലുകൾ ശരിയായ രീതിയിലല്ലാതെ തിരിക്കുകയോ ചെയ്യുന്നതുമൂലമാണ് ഉളുക്ക് ഉണ്ടാകുന്നത്. കാൽമുട്ട്, കണങ്കാൽ, മണിബന്ധം എന്നീ ഭാഗങ്ങളിലാണ് സാധാരണയായി ഉളുക്ക് ഉണ്ടാവുന്നത്. നീർവീക്കം, വേദന, ചലിപ്പിക്കാൻ കഴിയാത്ത അവസ്ഥ, ഭാരം അനുഭവപ്പെടൽ എന്നിവയാണ് ഉളുക്കിന്റെ പ്രധാനലക്ഷണങ്ങൾ.

ഉളുക്ക് പറ്റിയാൽ ഉളുക്കിയ ഭാഗം അനക്കാതെ ഉയർത്തിവയ്ക്കുക, വേദന കുറയ്ക്കാൻ ഐസ്പാക്ക് വയ്ക്കുക എന്നിവയാണ് പ്രഥമശുശ്രൂഷ. ഉളുക്ക് പറ്റിയ

ഭാഗം ചലിപ്പിക്കരുത്. കാലിൽ ഉളുക്ക് പറ്റിയാൽ കഴിവതും നടക്കരുത്. ഉളുക്കിയ ഭാഗത്ത് ചൂടുവെള്ളം ഒഴിക്കുകയോ ചൂടുള്ള എണ്ണപുരട്ടുകയോ ചെയ്താൽ നീർവീക്കവും വേദനയും കൂടാൻ സാധ്യതയുണ്ട്.

**മുറിവ്**

ചെറിയ മുറിവുകൾ ഉണ്ടായാൽ മുറിവേറ്റഭാഗം ശുദ്ധജലം കൊണ്ട് വൃത്തിയായി കഴുകി മുറിവേറ്റ ഭാഗം ഉയർത്തിപ്പിടിക്കുക. രക്തം വാർന്നുപോകാതിരിക്കാൻ മുറിവേറ്റ ഭാഗം വൃത്തിയുള്ള തുണി ഉപയോഗിച്ച് അമർത്തിപ്പിടിക്കണം. മുറിവിൽ കട്ടപിടിച്ച രക്തം നീക്കം ചെയ്യരുത്. തുറന്നുവെയ്ക്കരുത്. അണുബാധയേൽക്കാൻ ഇടയാക്കും. വലിയ മുറിവുകളാണെങ്കിൽ മുറിവേറ്റയാളെ സൗകര്യപ്രദമായ രീതിയിൽ ഇരുത്തുകയോ കിടത്തുകയോ ചെയ്യണം. മുറിവേറ്റയാളെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കണം.

**ചതവ്**

ഭാരമുള്ള വസ്തുക്കൾ ദേഹത്ത് വീഴുമ്പോഴും മറ്റും ശരീരത്തിൽ ചതവുണ്ടാകുന്നു. വേദനയും നീർക്കെട്ടും ഒഴിവാക്കാൻ തണുത്ത വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണിയോ ഐസ്പാക്കോ ചതവു പറ്റിയ ഭാഗത്ത് വയ്ക്കുക. ചൂടേൽപ്പിക്കുകയോ തിരുമ്മുകയോ ചെയ്യരുത്.

**ബോധക്ഷയം**

ഒരാൾക്ക് തലചുറ്റുന്നു എന്ന് അറിയുമ്പോൾ തന്നെ കിടത്താനുള്ള സൗകര്യം ഒരുക്കണം. കിടത്തിയശേഷം കാൽ ഉയർത്തി വെയ്ക്കണം. ഇറുകിയ വസ്ത്രങ്ങൾ ആണെങ്കിൽ അയച്ചിടാൻ ശ്രദ്ധിക്കണം. ചുറ്റും ആളുകൾ കൂടി നിൽക്കാതെ ശുദ്ധവായു ലഭ്യമാക്കണം. കൂടാതെ മുഖത്ത് മെല്ലെ വെള്ളം തളിച്ച് കൊടുക്കണം. വീശികൊടുക്കുകയും ആശ്വസിപ്പിക്കുകയും വിശ്രമിക്കാൻ അവസരം നൽകുകയും വേണം

**അസ്ഥിഭംഗം**

അസ്ഥിപൊട്ടുകയോ ഒടിയുകയോ ചെയ്യുന്നതാണ് അസ്ഥിഭംഗം. അപകടത്തിൽപ്പെടുമ്പോൾ ചിലപ്പോൾ അസ്ഥിക്ക് പൊട്ടലുണ്ടാകുന്നു. എന്നാൽ ചുറ്റുമുള്ള ശരീരഭാഗങ്ങൾക്ക് മുറിവുണ്ടാകുന്നില്ല. ചിലസന്ദർഭങ്ങളിൽ ഒടിഞ്ഞ അസ്ഥി മാംസത്തിൽ തുളച്ച് കയറി പുറത്തുവരാറുമുണ്ട്. ഈ അവസരത്തിൽ രക്തപ്രവാഹം തടയാനും മുറിവിലേക്ക് രോഗാണുക്കൾ പ്രവേ

ശിക്കാതിരിക്കാനും ശ്രദ്ധിക്കണം. അസ്ഥിഭംഗം ഉണ്ടാകുന്ന സ്ഥാനത്ത് തരിപ്പും നീർവീക്കവും ഉാകുന്നു. ത്വക്കിൽ  നീലനിറം പ്രത്യക്ഷപ്പെടും. അസ്ഥിഭംഗം ഉണ്ടായ ഭാഗത്ത് അനക്കം തട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മുറിവേറ്റ ഭാഗത്ത് ഒട്ടിച്ചേർന്നിരിക്കുന്ന വസ്ത്രഭാഗങ്ങളും മറ്റും നീക്കം ചെയ്യണം. ശരീരോഷ്മാവ് നിലനിർത്തുന്നതിന് അപകടപ്പെട്ടയാളെ ബഡ്ഷീറ്റ് പുതപ്പിക്കാവുന്നതാണ്.

# DIET ERNAKULAM

## Little scholars 2020

## Paper II Part B

## MATHEMATICS

# Hard Spots

* സംഖ്യവ്യാഖ്യാനം
* റോമൻ സംഖ്യകൾ
* സമയദൈർഘ്യം
* മിനിറ്റിനെ മണിക്കൂറും മിനിറ്റുമാക്കി മാറ്റുന്നു.
* സെക്കന്റിനെ മിനിറ്റും സെക്കന്റുമാക്കി മാറ്റുന്നു.
* മാന്ത്രിക ചതുരം
* സംഖ്യാ പാറ്റേണുകൾ
* പ്രശ്നപരിഹരണം, പ്രശ്നാപഗ്രഥനം
* വയസ്സുകളുടെ വ്യത്യാസം, കുടുംബ ബജറ്റ് (പ്രശ്നാപഗ്രഥനം)
* ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ
* ത്രികോണം, ചതുരം , സമചതുരം എന്നിവയുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രശ്നങ്ങൾ
* പ്രശ്നപരിഹരണം
* മീറ്ററിനെ കി.മീ. ഉം കി.മീ യെ മീറ്ററും ആയി മാറ്റി എഴുതുക
* ഗ്രാമിനെ കി.ഗ്രാം , ക്വിന്റൽ, ടൺ എന്നിങ്ങനെ മാറ്റി എഴുതുന്നു.
* അളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ
* പാറ്റേണിന്റെ യുക്തി കണ്ടെത്തി വിശദീകരണം

* നാലക്കസംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നാപഗ്രഥനം

* 24 മണിക്കൂർ, 12 മണിക്കൂർ  സമയക്രമം

* ക്രിയാഫലം മനക്കണക്കാക്കി പറയുന്നു.

* പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥനം

* ഭാരവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

* നീളത്തിന്റെ അളവുകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

**മാതൃകാചോദ്യങ്ങൾ**

**I. വസ്തുനിഷ്ഠ ചോദ്യങ്ങൾ**

1. (19 x 98) + (19 x 2) = 1900 എങ്കിൽ

   (19 x 998) + (19 x 2) = ?

2. 34 സെ.മീ. ചുറ്റളവുള്ള ഒരു ചതുരത്തിന്റെ വശങ്ങളാവാൻ സാധ്യതയില്ലാത്തത്?

   a. 10, 7    b. 11, 6    c. 14, 6    d. 9,8

3. ആകാശിന്റെ വീടിനുചുറ്റും 330 മീറ്റർ നീളവും 170 മീറ്റർ വീതിയുമാണ് ഉള്ളത്. അദ്ദേഹം 2 കി.മീ.നടക്കണമെങ്കിൽ എത്ര പ്രാവശ്യം വീടിനുചുറ്റും നടക്കണം?

4. നീന എന്ന കുട്ടി ഒരു സംഖ്യയെ 2 കൊണ്ട് ഹരിച്ചപ്പോൾ 100 കിട്ടി. എന്നാൽ അതിനെ 4 കൊണ്ട് ഹരിച്ചാലുള്ള ഫലം  എത്ര?

5. 16 ടൺ 5 ക്വിന്റൽ 7 കി.ഗ്രാം കിലോഗ്രാമിൽ എഴുതുക

6. 495 റോമൻ അക്കത്തിലെഴുതുക

7. ഒരു സംഖ്യയെ 9 കൊണ്ട് ഗുണിച്ചപ്പോൾ 216 കിട്ടി എങ്കിൽ ആ സംഖ്യയെ 6 കൊണ്ടു ഹരിച്ചാലുള്ള ഫലം എത്ര?

8. 2020 ഫെബ്രുവരി 15 ന് തുടങ്ങിയ കാർണിവൽ 15 ദിവസത്തെ പ്രദർശനം കഴിഞ്ഞ് അവസാനിച്ചാൽ കാർണിവൽ അവസാനിക്കുന്ന തിയതി ?

9. സ്കൂൾ അസംബ്ലിയിൽ മനു മുൻപിൽ നിന്ന് 12–ാമതും പുറകിൽ നിന്ന് 10–ാം മതും ആണ് നിൽക്കുന്നത് മനുവിന്റെ ക്യൂവിൽ ആകെ എത്ര കുട്ടികളാണുള്ളത്?

10. 100 മീറ്റർ നീളമുള്ള ട്രെയിൻ 150 മീറ്റർ നീളമുള്ള പാലം കടക്കാൻ എത്ര ദൂരം സഞ്ചരിക്കേണ്ടിവരും?

11. 6 മണിക്കൂർ എന്നത് ഒരു ദിവസത്തിന്റെ എത്ര ഭാഗമാണ്?

12. 250 എത്രമത്തെ ഇരട്ടസംഖ്യയാണ്?

13. നവംബർ 1 തിങ്കളാഴ്ച ആയാൽ ശിശുദിനം ഏതു ദിവസം?

14. 100 മുതൽ 200 വരെയുള്ള തുടർച്ചയായ എണ്ണൽ സംഖ്യകളുടെ തുക എത്ര?

15. ഏറ്റവും വലിയ 4 അക്ക സംഖ്യയിൽ നിന്ന് ഏറ്റവും ചെറിയ 4 അക്ക സംഖ്യ കുറച്ചതിനോട് 1 കൂട്ടിയാൽ കിട്ടുന്ന സംഖ്യയേത് ?

16. 940 എന്ന സംഖ്യയെ റോമൻ സംഖ്യാസമ്പ്രദായത്തിൽ എഴുതുക?

17. മണിക്കൂർ സൂചി 6–ൽ നിന്നു തുടങ്ങി 4–ൽ എത്താൻ എടുക്കുന്ന സമയംഎത്ര?

18. 4 ബി.–ലെ 34 കുട്ടികൾ അസംബ്ലിക്കു നിൽക്കുമ്പോൾ അപ്പുവിന്റെ സ്ഥാനം മുന്നിൽ നിന്ന് 15 ആണ് എങ്കിൽ പുറകിൽ നിന്നുള്ള അവന്റെ സ്ഥാനം എത്രയായിരിക്കും?

19. താഴെ പറയുന്നവയിൽ 9 കൊണ്ട് നിശ്ശേഷം ഹരിക്കാൻ കഴിയാത്ത സംഖ്യ യേത്?

    630, 721, 810, 513

20. അപ്പു വീട്ടിൽ നിന്നും 8.25 ന് പുറപ്പെട്ടു. 9.05 ന് സ്കൂളിൽ എത്തി. യാത്രയ്ക്കെടുത്ത സമയം എത്ര?

    50 മിനിറ്റ്. , 45 മിനിറ്റ്, 40 മിനിറ്റ് , 35 മിനിറ്റ്

20. 3600 രൂപ 6 പേർക്ക് തുല്യമായി വീതിച്ചാൽ ഒരാൾക്ക് എത്ര രൂപ ലഭിക്കും?

21. ഒരു ടാപ്പിൽ നിന്നും 1 സെക്കന്റിൽ 1.മില്ലിലിറ്റർ വെള്ളം നഷ്ടപ്പെടുന്നു. ഒരു മണിക്കൂറിൽ എത്ര ലിറ്റർ വെള്ളം നഷ്ടപ്പെടും?

22. ഒരു ചതുരത്തിന്റെ ചുറ്റളവ് 46 cm ആണ്. അതിന്റെ വശങ്ങൾ ആകാൻ സാധ്യയില്ലാത്ത അളവുകൾഏത്?

    (10, 13), (20, 3), (18, 5), (20,26)

23. ഒരു വശത്തിന്റെ നീളം 25 മീ. ആയ സമചതുരാകൃതിയായ ഒരുകളി സ്ഥലത്തിനു ചുറ്റും എത്ര പ്രാവശ്യം നടന്നാൽ ഒരു കി. മീറ്റർ ആകും?

24. ഒരു ചതുരത്തിന്റെ നീളവും വീതിയും ഇരട്ടി ആയാൽ ചുറ്റളവ് എത്ര മടങ്ങാകും?

25 അടുത്തടുത്ത 3 എണ്ണൽ സംഖ്യകൾ കൂട്ടിയാലും ഗുണിച്ചാലും ഒരേ സംഖ്യതന്നെ കിട്ടും. സംഖ്യകൾ ഏതെല്ലാം?

26. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളിൽ 3 കൊണ്ടും 9 കൊണ്ടും നിശേഷം ഹരിയ്ക്കാൻ കഴിയാത്ത സംഖ്യ?

(586, 351, 711, 504)

**27** താഴെ കൊടുത്തിരിക്കുന്ന സംഖ്യകളിൽ 5 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം വരാത്ത ഏറ്റവും ചെറിയ നാലക്ക സംഖ്യ ഏത്?

(1020, 1200, 1001, 1025)

28. 85 X 65 X 10 X 97 ഈ ക്രിയയുടെ ഉത്തരത്തിന്റെ ഒറ്റയുടെ സ്ഥാനത്തു വരുന്ന സംഖ്യ ഏത്?

29. ഒരു സംഖ്യയെ 8 കൊണ്ട് ഹരിയ്ക്കുമ്പോൾ കിട്ടാവുന്ന ശിഷ്ടങ്ങളിൽ ഏറ്റവും വലുത് ഏത്?

30. ഒരു സംഖ്യയെ 2 കൊണ്ടും 3 കൊണ്ടും 5 കൊണ്ടും ഹരിയ്ക്കുമ്പോൾ ഒന്ന് ശിഷ്ടം വരുന്ന സംഖ്യ ഏത് ?

( 21, 31, 41, 11)

31. അമ്മു നട്ട 48 റോസാച്ചെടികളിൽ 1/4 ചെടികളിൽ പൂവിരിഞ്ഞു. എത്ര ചെടികളിലാണ് പൂവിരിഞ്ഞത് ?

32. 36 x 25 ന് തുല്യമായത് ഏത്?

(a) (36 x 20)+ (36 x 5) (b) (30 x 20) + (30 x 25)

(c) 30 x 6 x 20 x 5 (d) (30 x 20) + (6 x 25)

**II. വിശകലനാത്മക ചോദ്യങ്ങൾ**

**1. പഠനനേട്ടം: സമയവുമായി ബന്ധപ്പെട്ട പ്രശ്നാപഗ്രഥന ചോദ്യങ്ങൾ വിശകലനം ചെയ്യുന്നു.**

ഒരാഴ്ചത്തെ ട്രെയിനിങ് ക്യാമ്പിനു ചേർന്ന കുട്ടികളുടെ പരിശീലന സമയം രാവിലെ 7.30 ന് ആരംഭിച്ച് വൈകിട്ട് 4.15 ന് അവസാനിക്കുന്നു. രാവിലത്തെ ഇട വേള 9.15 മുതൽ 9.35 വരെയും ഉച്ചഭക്ഷണ ഇടവേള 12.45 മുതൽ 1.15 വരെയും ആണ്. രണ്ടു ദിവസം അരമണിക്കൂർ നേരത്തേയും ഒരു ദിവസം മുക്കാൽ മണി ക്കൂർ വൈകിയുമാണ് ക്ലാസുകൾ അവസാനിച്ചത്.

a. ആകെ ഇടവേള സമയങ്ങൾ ഉൾപ്പെടെ കുട്ടി ക്യാമ്പിൽ ചെലവഴിച്ച സമയമെത്ര?

b. ഓരോ കുട്ടിക്കും ലഭിച്ച ആകെ പരിശീലനസമയം എത്ര?

**2. പഠനനേട്ടം: സമയവുമായി ബന്ധപ്പെട്ട പ്രശ്നാപഗ്രഥന ചോദ്യങ്ങൾ വിശകലനം ചെയ്യുന്നു.**

അവധിക്കാല ഫുട്ബോൾ പരിശീലനക്യാമ്പ് ആരംഭിച്ചു. തിങ്കൾ, ബുധൻ ഒഴികെ യുള്ള ദിവസങ്ങളിൽ രാവിലെ 6.10 മുതൽ 8.45 വരെയാണ് പരിശീലനസമയം. വിശ്രമസമയം രാവിലെ 7.10 മുതൽ 7.25 വരേയും വൈകിട്ട് 5.35 മുതൽ 6.00 വരേയും ആണ്.

a. ഒരു ദിവസത്തെ പരിശീലനസമയം എത്ര?

b. ഒരാഴ്ചയിലെ ആകെ പരിശീലനസമയം എത്ര?

c. ഒരാഴ്ചയിലെ ആകെ വിശ്രമസമയം എത്ര?

**3. പഠനനേട്ടം : സങ്കലനം, വ്യവകലനം, ഗുണനം എന്നിവയുമായി ബന്ധപ്പെട്ട് വരുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുക**


രാമപുരം ഗവ.എൽ.പി. സ്കൂളിലെ 238 കുട്ടികൾക്ക് ഒരു ദിവസത്തെ പ്രഭാതഭക്ഷണത്തിന് ഒരു കുട്ടിക്ക് 8 രൂപ വീതം ചെലവു വരും. എം.എൽ.എ. ഫണ്ടിൽ നിന്ന് ഒരു കുട്ടിക്ക് 5 രൂപ വീതം അനുവദിച്ചു കിട്ടിയിട്ടുണ്ട് എങ്കിൽ

a. പ്രഭാതഭക്ഷണത്തിന് ഒരു ദിവസം ആകെ വേണ്ടി വരുന്ന തുക എത്ര?

b. പ്രഭാതഭക്ഷണത്തിനായി സ്കൂൾ അധികൃതർക്ക് അധികമായി കണ്ടെത്തേണ്ടി വരുന്ന തുക എത്ര?


c. ഒരു കുട്ടിക്ക് സായാഹ്നഭക്ഷണത്തിന് ഒരു ദിവസം 5 രൂപ വീതം അനുവദിച്ചാൽ സായാഹ്നഭക്ഷണത്തിനും പ്രഭാതഭക്ഷണത്തിനും കൂടി ഒരു ദിവസം ആകെ എത്ര രൂപ ചെലവ് വരും?

**4. പഠനനേട്ടം : ചതുരം, സമചതുരം എന്നിവയുടെ ചുറ്റളവ് കൃത്യതയോടെ കണക്കാക്കുന്നതിനുള്ള രീതി വിശദീകരിക്കുന്നു.**




മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ഷെയ്ഡ് ചെയ്ത ഭാഗം ഒഴികെയുള്ള രൂപത്തിന്റെ ചുറ്റളവ് കണ്ടെത്തുക.

**5. പഠനനേട്ടം: ജ്യാമിതീയ രൂപങ്ങൾ ആകൃതിയ്ക്ക് അനുസരിച്ച് തരം തിരിക്കുന്നു**



മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ചതുരം, സമചതുരം, ത്രികോണം ഇവയുടെ എണ്ണം കണ്ടെത്തുക

**6. പഠനനേട്ടം:_സമയ ദൈർഘ്യം കണ്ടുപിടിക്കുന്നതിന്**

രാമു പത്താംക്ലാസ്സ് വിദ്യാർത്ഥിയാണ്. രാവിലെ 5 മണിക്ക് ഉണർന്ന് 1 മണിക്കൂർ 15 മിനിറ്റ് പഠനത്തിനുശേഷം 7.30 വരെ ഫുട്ബോൾ പരിശീലനത്തിനുപോകും. തുടർന്ന് പ്രഭാതകൃത്യങ്ങൾക്കും പത്രവായനയ്ക്കും വേണ്ടി 1 മണിക്കൂർ 20 മിനിറ്റ് സമയം ചെലവഴിക്കും. പിന്നീട് 12.45 വരെ പഠനം തുടരുന്നു.

a. എത്ര സമയമാണ് രാമു ഫുട്ബോൾ പരിശീലനത്തിൽ ഏർപ്പെടുന്നത്?

a. എത്ര സമയം രാമു പഠനത്തിനായി ചെലവഴിക്കും?

**7. പഠനനേട്ടം : പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു.**

രണ്ട് കൽപണിക്കാരും ഒരു സഹായിയും ചേർന്ന് സ്കൂളിൽ ഒരു ടോയ്‌ലറ്റ് നിർമ്മിക്കുകയാണ്. 10,000 രൂപ ഫണ്ടായി പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. കൽപണിക്കാർക്ക് 950 രൂപയും സഹായിക്ക് 850 രൂപയുമാണ് കൂലി. 5 ദിവസംകൊണ്ട് പണിപൂർത്തിയായി. പഞ്ചായത്തിൽ നിന്നു കിട്ടിയ 10,000 രൂപ തികയുമോ? ഇനിയും എത്ര രൂപ കൂടി ഉണ്ടായാൽ കൂലി തീർത്ത് നൽകാനാവും?

**8. പഠനനേട്ടം : പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു.**

മലയിൽ ഗവ.എൽ.പി.സ്കൂളിലെ സ്കൂൾ ബസിൽ 57 കുട്ടികൾ വരുന്നുണ്ട്. 29 കുട്ടികൾക്ക് 380 രൂപയും 15 കുട്ടികൾക്ക് 400 രൂപയും ബാക്കിയുള്ള കുട്ടികൾക്ക് 425 രൂപയുമാണ് വാൻഫീസ്. ഡ്രൈവർക്ക് ഒരു ദിവസം 625 രൂപയാണ് ശമ്പളം. കുട്ടികളെ ബസ്സിലേക്ക് കയറ്റുന്നതിനും ഇറക്കുന്നതിനും ബസിൽ പോകുന്ന ചേച്ചിയ്ക്ക് 4500 രൂപ ഒരു മാസത്തേക്ക് കൊടുക്കണം. നവംബർ മാസത്തിൽ ബസിന് 84 ലിറ്റർ ഡീസൽ അടിച്ചു. ഡീസൽ ലിറ്ററിന് 72 രൂപയാണ്. നവംബർ 1 ഞായറാഴ്ചയാണ്. ശനി, ഞായർ ദിവസങ്ങളൊഴികെ എല്ലാ ദിവസവും സ്കൂൾ ബസ് ഓടി

a. കുട്ടികളിൽ നിന്നും ആകെ എത്ര രൂപ ലഭിക്കും?

നവംബർ മാസം ബസ് ഓടിച്ചതിന് സ്കൂളിന് ആകെ എത്ര രൂപ

ചെലവാകും?

b. ഈ മാസം ബസിന് ഒരു റിപ്പയർ വേണ്ടി വന്നു. 5000 രൂപ ചെലവായി.

കുട്ടികളിൽ നിന്നും ലഭിച്ച തുക മതിയാവുമോ? എത്രകൂടി വേണ്ടിവരും?

**9. പഠനനേട്ടം : നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.**

ചിറങ്ങര ഗവ.എൽ.പി.സ്കൂളിലെ നാലാം ക്ലാസിലെ 65 കുട്ടികൾ കൃതി ഇന്റർനാഷണൽ പുസ്തകമേള സന്ദർശിച്ചു. വെങ്ങോല സർവ്വീസ് സഹകരണബാങ്ക് നൽകിയ കൂപ്പണുകൾ ഉപയോഗിച്ച് ഓരോ കുട്ടിയ്ക്കും 250 രൂപയുടെ വീതം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് സൗജന്യമായി ലഭിക്കും. കുട്ടികൾ താഴെ കൊടുക്കുന്ന രീതിയിൽ പുസ്തകങ്ങൾ തെരഞ്ഞെടുത്തു.

| നമ്പർ | വിഭാഗം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | കഥ | 48 | 50 | |
| 2 | കവിത | 28 | 165 | |
| 3 | യാത്രാവിവരണം | 16 | 275 | |
| 4 | നാടകം | 12 | 125 | |
| 5 | നോവൽ | 24 | 260 | |

a. കുട്ടികളുടെ കയ്യിലുള്ള കൂപ്പണുകൾ ഉപയോഗിച്ച് ഇത്രയും പുസ്തകങ്ങൾ വാങ്ങാൻ കഴിയുമോ? എങ്കിൽ എത്രരൂപയുടെ കൂപ്പൺകൂടി വേണ്ടിവരും?

b. ഇത്രയും പുസ്തകങ്ങൾ വാങ്ങിക്കഴിഞ്ഞാൽ അവർക്ക് 160 രൂപ കിഴിവ് ലഭിക്കും എങ്കിൽ എത്ര കൂപ്പണുകൾ കൂടിയുണ്ടായിരുന്നെങ്കിൽ അവർക്ക് ഈ പുസ്തകങ്ങൾ വാങ്ങാൻ കഴിയും?

c. നാലാം ക്ലാസിലെ 4 ഡിവിഷനുകളിലേക്ക് ഈ പുസ്തകങ്ങൾ തുല്യമായി വീതിച്ചാൽ ഓരോ ക്ലാസിനും എത്ര പുസ്തകങ്ങൾ വീതം ലഭിക്കും?

**10. പഠനനേട്ടം: ഗുണനം, വ്യവകലനം, എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

വിമലബുക്സിൽ 750 രൂപ വിലയുള്ള ശബ്ദതാരാവലി പ്രീ–പബ്ലിക്കേഷൻ നിരക്കിൽ നൽകുന്നു.

ഓരോ ഘട്ടത്തിലും വിറ്റ പുസ്തകങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.


| ഘട്ടം | വിറ്റ പുസ്തകങ്ങളുടെ എണ്ണം | ഒരുപുസ്തകത്തിന്റെ വില | ആകെ |
|---|---|---|---|
| I | 9 | 500 | |
| II | 7 | 580 | |
| III | 8 | 550 | |

a. മൂന്ന് ഘട്ടത്തിലും കൂടി വിമലബുക്ക്സിന് ആകെ എത്ര രൂപ ലഭിച്ചു?

b. ഒരു പുസ്തകങ്ങളുടെ 450 രൂപ വീതമാണ് പ്രസാധകന് നൽകേണ്ടതെങ്കിൽ വിമല ബുക്സിന് ലഭിച്ച ലാഭമെത്ര?

**11. പഠനനേട്ടം : ചതുരം, സമചതുരം എന്നിവയുടെ ചുറ്റളവ് കൃത്യതയോടെ കണക്കാക്കുന്നതിനുള്ള രീതി വിശദീകരിക്കുന്നു.**

റാണി, ഹംസ, ജോണി എന്നിവർ ചാർട്ട് ഉപയോഗിച്ച് ന്യൂഇയർ കാർഡ് ഉണ്ടാക്കി ക്ലാസിലെ നോട്ടീസ് ബോർഡിൽ പിൻചെയ്തു. അതിനുചുറ്റും ലെയ്സ് വച്ച് അലങ്കരിക്കാൻ കാർഡുകൾ വലിപ്പക്രമത്തിലാണ് നോട്ടീസ് ബോർഡിൽ ക്രമീകരിച്ചത്.




a. കാർഡുകൾ അലങ്കരിക്കാൻ എത്ര സെ.മീ ലെയ്സ് വേണ്ടി വരും?

b. ഒരു സെ.മീ. ലെയ്സിന് 8 രൂപയാണെങ്കിൽ ലെയ്സ് വാങ്ങാൻ എത്ര രൂപ വേണ്ടിവരും?

c. അവരുടെ കയ്യിൽ 5 നൂറിന്റെ നോട്ടുകളാണുള്ളത്. ലെയ്സ് വാങ്ങാൻ ഈ രൂപ തികയുമോ? ബാക്കി വരുമോ? എത്ര?

**12.<u>പഠനനേട്ടം :</u>ഭിന്നസംഖ്യകളുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ**

ആകാശിന്റെ സ്കൂളിൽ ഫലവൃക്ഷത്തോട്ടം വച്ചുപിടിപ്പിക്കുവാൻ തീരുമാനിച്ചു. നാല് തരം വൃക്ഷങ്ങളാണ് അവൻ നടാൻ തീരുമാനിച്ചത്. ആകെയുള്ളതിന്റെ $^1/_8$ ഭാഗം പേരയും $^3/_8$ ഭാഗം മാവും $^2/_8$ ഭാഗം പ്ലാവും ബാക്കിയുള്ള ഭാഗത്ത് റമ്പൂട്ടാനും നടാൻ തീരുമാനിച്ചു. അവർ സ്കൂളിനടുത്തുള്ള ഹരിതം ഗാർഡൻസിൽ നിന്നും താഴെക്കൊടുക്കുന്ന വിലയിൽ വൃക്ഷത്തൈകൾ വാങ്ങിച്ചു.

മാവ് – 125 രൂപ

പേര – 68 രൂപ

പ്ലാവ് – 148 രൂപ

റമ്പൂട്ടാൻ – 89 രൂപ

a. പ്ലാവിന്റെ എണ്ണം 16 ആയാൽ മറ്റു വൃക്ഷത്തൈകളുടെ എണ്ണം ഓരോന്നും എത്ര വീതുമുണ്ടാകും?

b. ഫലവൃക്ഷത്തൈകൾക്ക് ആകെ എത്ര രൂപ ചെലവായി?

c. സ്കൂൾ പി.ടി.എ. 7500 രൂപ നൽകിയാൽ രൂപ തികയുമോ?ബാക്കി വരു മോ? എത്ര?

**13.<u>പഠനനേട്ടം :</u> $^1/_2$, $^1/_4$, $^3/_4$ എന്നിങ്ങനെ ഭാഗിക്കുന്നതുമായി ബന്ധപ്പെട്ട പായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

**വിലവിവരപട്ടിക**

| നമ്പർ | ഇനം | വില (കി.ഗ്രാ) |
|---|---|---|
| 1 | കടല | 72 രൂപ |
| 2 | ഉഴുന്ന് | 124 രൂപ |
| 3 | പരിപ്പ് | 96 രൂപ |
| 4 | ചെറുപയർ | 110 രൂപ |
| 5 | വൻപയർ | 88 രൂപ |
| 6 | ചായപ്പൊടി | 150 |

a. അമലും അതുലും കടയിൽപ്പോയി. 2 $^1/_2$ കി.ഗ്രാം ഉഴുന്ന്,

2 $^{1}/_{4}$ കി.ഗ്രാം വൻപ യർ, 4 $^{3}/_{4}$ കി.ഗ്രാം പരിപ്പ് എന്നിവ വാങ്ങി. ആകെ എത്ര രൂപയായി?

b. രണ്ടുപേരും ഭാരം തുല്യമാകത്തക്ക രീതിയിലാണ് സാധനങ്ങൾ എടുത്തത്. ഓരോരുത്തരും എന്തൊക്കെ സാധനങ്ങളാണ് എടുത്തത്?

**14. പഠനനേട്ടം : ഭാരത്തിന്റെ അളവുകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

ആമിന ഉമ്മയുടെ കൂടെ ഫാഷൻ ജ്വല്ലറിയിൽപോയി.

ഉമ്മയുടെ കയ്യിൽ ആകെ 37500 രൂപയുണ്ട്. മുഴുവൻ തുകയ്ക്കും ആഭരണങ്ങൾ വാങ്ങിയാൽ അവർക്ക് ഏതെല്ലാം ആഭരണങ്ങൾ വാങ്ങുവാൻ കഴിയും? ഈ വിലയ്ക്ക് വ്യത്യസ്ത ആഭരണങ്ങൾ വാങ്ങാൻ കഴിയുമോ? ഏതെല്ലാം? എങ്ങനെ?

| ഇനം | തൂക്കം(ഗ്രാമിൽ) |
|---|---|
| ജിമിക്കി | 6 ഗ്രാം |
| വള | 3ഗ്രാം |
| മോതിരം | 1ഗ്രാം |
| നെക്ലേസ് | 6ഗ്രാം |
| മണിമാല | 8ഗ്രാം |
| കമ്മൽ | 3ഗ്രാം |

1 പവൻ = 8 ഗ്രാം
2500 രൂപ (ഗ്രാമിന്)

**15. പഠനനേട്ടം: ഒരേചുറ്റളവിൽ വ്യത്യസ്ത നീളവും വീതിയുമുള്ള ചതുരങ്ങളുടെ അളവുകൾ കണ്ടെത്തി വിശദീകരിക്കുന്നു.**

നൂൽ കമ്പി ഉപയോഗിച്ച് നിർമ്മിച്ച ഒരുചതുരത്തിന്റെ വീതി 13 സെ.മീ. ആണ്. ഇതേ നീളമുള്ള കമ്പി ഉപയോഗിച്ച് നിർമ്മിച്ച സമഭുജത്രികോണത്തിന്റെ ഒരുവശത്തിന് ഇതിന്റെ ഇരട്ടി നീളമുണ്ട്.

(a) സമഭുജത്രികോണത്തിന്റെ ഒരുവശത്തിന്റെ നീളം എന്ത്?

(b) ചതുരത്തിന്റെ നീളമെത്ര?

(c) ഈ നൂൽക്കമ്പി ഉപയോഗിച്ച് ഏറ്റവും വലിയ ചുറ്റളവുള്ള സമചതുരം ഉണ്ടാക്കണമെങ്കിൽ എത്ര നീളത്തിൽ കമ്പി മുറിച്ചുമാറ്റണം ?

**16. പഠനനേട്ടം: ഒരു സംഖ്യയെ മറ്റൊരു സംഖ്യകൊണ്ട് ഗുണിക്കുന്നതിന് അനുയോജ്യമായ മാർഗം കണ്ടെത്തുന്നു.**

സീത കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| നമ്പർ | ഇനം | അളവ് | വില |
|---|---|---|---|
| 1 | തേയില | 4 kg | 280 |
| 2 | പഞ്ചസാര | 6 kg | 228 |
| 3 | കടല | 3 kg | 249 |
| 4 | ചെറുപയർ | 7 kg | – |
| ആകെ | | | 1527 |

(a) ചെറുപയറിന്റെ വില കണ്ടെത്തി ബില്ല് പൂർത്തിയാക്കുക

(b) ഇതേ കടയിൽ നിന്ന് സീന മേടിച്ച സാധനങ്ങൾക്ക് ആകെ എത്ര രൂപയാകും ? ബില്ല് പൂർത്തിയാക്കാമോ?

സീന മേടിച്ച സാധനങ്ങളുടെ ബില്ല്

| നമ്പർ | ഇനം | അളവ് | ആകെ |
|---|---|---|---|
| 1 | തേയില | 13 kg | – |
| 2 | പഞ്ചസാര | 15 kg | – |
| 3 | കടല | 23 kg | – |
| 4 | ചെറുപയർ | 9 kg | – |
| ആകെ | | | – |

**17. പഠനനേട്ടം: അഞ്ചക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു**

പാമ്പാക്കുട കൃഷിഭവനിൽ നിന്ന് 12500 രൂപ പച്ചക്കറികൃഷി ചെയ്യുന്നതിനായി നമ്മുടെ സ്കൂളിന് ലഭിച്ചു. ജെ.സി.ബി. ഉപയോഗിച്ച് മണ്ണ് ഇളക്കാൻ മണിക്കൂറിന് 850 രൂപയാണ് ചെലവ്. രാവിലെ 7.45 മുതൽ 10.15 വരെയും ഉച്ചകഴിഞ്ഞ് 4.30 മുതൽ 6.30വരെയും ജെ.സി.ബി. ഉപയോഗിച്ച് മണ്ണിളക്കി. കൂടാതെ 3 പേർ വീതം 2 ദിവസവും ഒരാൾ 1 ദിവസവും തടം എടുക്കാൻ വേണ്ടി ജോലി ചെയ്തു. ഒരാളുടെ ദിവസക്കൂലി 900 രൂപയാണ്. കൃഷിഭവനിൽ നിന്ന് ലഭിച്ച തുക തികയുമോ? ബാക്കിവരുമോ? എത്ര?

**18.പഠനനേട്ടം: സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം)**

രവിയും 3 കൂട്ടുകാരുംകൂടി വാർക്കപ്പണിയ്ക്ക് പോയി. ആകെ 2700 രൂപ കിട്ടി. എങ്കിൽ ഒരാളുടെകൂലി എത്ര? രവി വരുന്നവഴി 3 കി.ഗ്രാം. അരിയും 1 കി.ഗ്രാം വെളിച്ചെണ്ണയും 2 കി.ഗ്രാം സവാളയും 148 രൂപയ്ക്ക് പച്ചക്കറിയും വാങ്ങി. കടയിലെ വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു രവിയുടെ കൈയിലെ പണം തികയുമോ? അതോ മിച്ചമുണ്ടാകുമോ? എത്ര?

| ഇനം | വില (കി.ഗ്രാമിന്) |
|---|---|
| അരി | 40 രൂപ |
| വെളിച്ചെണ്ണ | 220 രൂപ |
| സവാള | 130 രൂപ |

**19.പഠനനേട്ടം:ഭാരവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

രാജു ഒരുകടയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ വില താഴെ കൊടുത്തിരിക്കുന്നു.

| ഇനം | തൂക്കം | വില |
|---|---|---|
| അരി | 4 kg | 100 രൂപ |
| പഞ്ചസാര | 4 kg | 120 രൂപ |

| | | |
|---|---|---|
| തേയില | 3 kg | 180 രൂപ |

കടയിലെ വിലക്കുറവ് കണ്ട് രാജുവിന്റെ സുഹൃത്ത് ഗോപനും കുറച്ച് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചു. ഗോപൻ 5kg അരിയും 3kg പഞ്ചസാരയും 4kg തേയിലയും വാങ്ങിയാൽ ഗോപന് ആകെ എത്ര രൂപ ചെലവാകും.?

**20.പഠനനേട്ടം: പ്രശ്നാപഗ്രഥനം നടത്തി പ്രശ്നപരിഹരണം കണ്ടെത്തുന്നു.**

പുതിയേടം സ്കൂളിൽ നിന്നും രണ്ട് ദിവസത്തെ പഠനയാത്രയിൽ 73 കുട്ടികൾ പങ്കെടുത്തു. യാത്രക്ക് ഒരുകുട്ടി നൽകേണ്ട തുക 1050 രൂപയാണ്. 2 ദിവത്തെ ഭക്ഷണത്തിനായി 16,600 രൂപയും, വണ്ടിവാടക ഇനത്തിൽ 32,000 രൂപയും ചെലവായി. വാട്ടർതീം പാർക്കിൽ ഓരോ കുട്ടിക്കും പ്രവേശന ടിക്കറ്റിന് 160 രൂപ വീതവും ചെലവായി.

a. കുട്ടികളിൽ നിന്നും ആകെ ലഭിച്ച തുക?

b. വാട്ടർതീം പാർക്കിൽ ടിക്കറ്റിന് ചെലവായ ആകെ തുക?

c. ആകെ ചെലവായ തുക?

d. കുട്ടികളിൽ നിന്നും പിരിച്ച തുക തികയുമോ?

e. വ്യത്യാസം എത്ര?

**21.പഠനനേട്ടം:പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ സമചതുരങ്ങ ളുടെ വശങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി ചുറ്റളവ് വിശദീകരിക്കുന്നു**

സമചതുരാകൃതിയിലുള്ള ഒരുതോട്ടത്തിന്റെ ഒരുവശം 12 മീറ്റർ ആണ്.

a) തോട്ടത്തിന്റെചുറ്റളവ് എത്ര?

b) തോട്ടത്തിനുചുറ്റും ജൈവവേലികെട്ടാൻ ഒരു മീറ്റർ അകലത്തിൽ മൈലാഞ്ചി കമ്പ് നടണം. എങ്കിൽ എത്ര കമ്പ് വേണ്ടിവരും?

c) തോട്ടത്തിന്റെ ചുറ്റളവ് 60 മീറ്റർ ആയി വർദ്ധിപ്പിക്കണമെങ്കിൽ ഒരു വശത്തിന്റെ അളവ് എത്ര മീറ്റർ കൂടി കൂട്ടണം?

**<u>22.പഠനനേട്ടം</u> : ഭാരവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.**

450 കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്ന രാമപുരം സ്കൂളിൽ ക്രിസ്തുമസ് സ്പെഷ്യൽ അരി 5 കിലോ വീതം ഒരു കുട്ടിക്ക് കൊടുക്കുവാനായി കൊണ്ടുവന്നു. ഒരുചാക്കിൽ 50 കിലോ അരിയാണ് ഉള്ളത്. ആദ്യ ദിവസം 1300 കിലോ അരിയും, രണ്ടാം ദിവസം 525 കിലോ അരിയും നൽകി. ബാക്കി 3–ാം ദിവസം നൽകി.

a) ആകെ എത്ര ക്വിന്റൽ അരിയാണ് കൊണ്ടുവന്നത് ?

b) ആദ്യ ദിവസവും രണ്ടാം ദിവസവും കൂടി ആകെ എത്ര കുട്ടികൾക്ക് അരി നൽകി?

c) മൂന്നാം ദിവസം നൽകാൻ എത്ര ചാക്ക് അരി ബാക്കിയുണ്ട്.? എത്ര കുട്ടി കൾക്ക് കൊടുക്കാം?

23. **പഠനനേട്ടം : അഞ്ചക്ക സംഖ്യകളെ സന്ദർഭത്തിന് അനുസരിച്ച് വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.**

സ്കൂളിലെ ലൈബ്രറി കെട്ടിടം പുനർനിർമ്മിക്കുന്നതിനായി കുട്ടികളും, അധ്യാപകരും, പി.ടി.എ. അംഗങ്ങളും സംഭാവനകൾ നൽകി. ഓരോ വിഭാഗവും നൽകിയ തുക ചുവടെ ചേർക്കുന്നു. ലഭിച്ച നോട്ടുകളുടെ എണ്ണവും, തുകയും കണ്ടെത്തി പട്ടിക പൂർത്തിയാക്കാമോ?

a) കിട്ടിയ തുകകൾ വലുതിൽ നിന്നും ചെറുതിലേക്ക് ക്രമത്തിലെഴുതുക

b) ആകെ കിട്ടിയ തുക എത്ര?

c) ആകെ കിട്ടിയ തുകയിൽ ഓരോ നോട്ടും എത്ര എണ്ണം വീതം ഉണ്ടാകും?

| അധ്യാപകർ നൽകിയ വക 24750 രൂപ | | |
|---|---|---|
| നോട്ടുകൾ | എണ്ണം | തുക |
| 2000 | | |
| 500 | | |
| 100 | | |
| 50 | | |
| 5 | | |

| കുട്ടികൾ നൽകിയ വക – 9655 രൂപ | | |
|---|---|---|
| നോട്ടുകൾ | എണ്ണം | തുക |
| 2000 | | |
| 500 | | |
| 100 | | |
| 50 | | |
| 5 | | |

| കുട്ടികൾ നൽകിയ വക 25595 രൂപ | | |
|---|---|---|
| നോട്ടുകൾ | എണ്ണം | തുക |
| 2000 | | |
| 500 | | |
| 100 | | |
| 50 | | |
| 5 | | |

24. പഠനനേട്ടം : ചതുരത്തിന്റെ ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

രഘു തന്റെ വീടിനു ചുറ്റും മതിൽ പണിയാൻ തീരുമാനിച്ചു. മതിൽ പണിയേണ്ട സ്ഥലത്തിന്റെ നീളം 40 മീറ്ററും വീതി 25 മീറ്ററും ആണ്. ഒരു മീറ്റർ മതിൽ പണിയാൻ 16 കല്ലുകൾ വേണം ഒരു കല്ലിന് 30 രൂപ വിലയുണ്ട്. ഒരു മീറ്റർ മതിൽ പണിയാൻ കൂലിയിനത്തിൽ 50 രൂപയും മറ്റുചിലവുകൾക്കായി 40 രൂപയും ആവശ്യമായി വരുന്നു. പണിതുടങ്ങുമ്പോൾ രഘുവിന്റെ കയ്യിൽ 75000 രൂപ ഉണ്ടായിരുന്നു.

a). ചുറ്റുമതിൽ കെട്ടാൻ എത്ര രൂപ ചെലവായി?

b). കയ്യിലുള്ള പണം കൊണ്ട് പണിപൂർത്തിയാക്കാൻ സാധിക്കുമോ? കുറവ്/കൂടുതൽ എത്ര?

**25. പഠനനേട്ടം : കലണ്ടർ നോക്കി ഇംഗ്ലീഷ് മാസത്തിലെ തീയതി കണ്ടെത്തൽ, സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ**

ആലിൻചോട് യൂ.പി. സ്കൂളിൽ എൽ.എസ്.എസ് പരിശീലന പദ്ധതി ആരംഭിച്ചു. 2020 ജനുവരി 1 ബുധനാഴ്ച മുതൽ ഫെബ്രുവരി 14 വെള്ളിവരെയാണ് പരിശീലനം നടക്കുന്നത്. ശനി, ഞായർ ദിവസങ്ങളിൽ പരിശീലനം ഉണ്ടായിരിക്കില്ല. വൈകുന്നേരം 4 മണി മുതൽ 5 മണിവരെയാണ് പരിശീലന സമയം. 32 കുട്ടികൾ പരിശീലനത്തിൽ പങ്കെടുക്കുന്നു. ഒരു കുട്ടിക്ക് 12 രൂപ വച്ച് ലഘുഭക്ഷണത്തിന് ചെലവാകും. 10,000 രൂപ പഞ്ചായത്ത് ഇതിനു വേണ്ടി അനുവദിച്ചിട്ടുണ്ട്.

a. പരിശീലനപദ്ധതി ആകെ എത്ര ദിവസം ഉണ്ടാകും?

b. ലഘുഭക്ഷണത്തിന് ആകെ എത്ര ചെലവാകും?

c. ലഘുഭക്ഷണത്തിന് വേണ്ടി പഞ്ചായത്ത് അനുവദിച്ച തുക തികയുമോ? കൂടുതൽ/കുറവ് എത്ര?

എൽ എസ് എസ്
തയ്യാറെടുപ്പിനുള്ള കൈപ്പുസ്തകം



# LITTLE SCHOLARS

2020



ഡയറ്റ്, എറണാകുളം